# അദ്ദുആ
# നിത്യജീവിതത്തിൽ ആവശ്യമായ പ്രാർത്ഥനകൾ

പ്രസാധകർ:

സംസ്ഥാന സമിതി മജ്‌ലിസ് അൻസാറുല്ലാഹ്, കേരള

**ADDU'A**
**- Prayers for the daily pursuits of life**

**Edited by:**
**C. Saleem Ahmad**
**Moulavi  Muhammad Ismail**
**Moulavi M. Zafar Ahmad**
**Moulavi M. Nasir Ahmad**

**Proof reading:**
**N. Kunhi Ahmad Master**

**DTP and Layout :**
**Abdur Rahman Puthiyavalapp**
**Payangadi. R.S., Kannur**

**First Edition: December 2001**
**Second enlarged Edition : Sept. 2003**

**Copies : 2000**
**Rs. 20/-**

**Printed at B.R.B Offset Printers,**
**Thavakkara, Kannur - 17**

**Published by:**
**Majlis Ansarullah State Committee, Kerala**
**Address: Ahmadiya Muslim Jama'at**
**Fort Road, Kannur – 1**

# അവതാരിക

നിത്യജീവിതത്തിൽ സർവ്വസാധാരണമായി ചൊല്ലിക്കൊണ്ടിരിക്കേണ്ട പ്രാർത്ഥനകളുടെ സമാഹാരമാണ് 'അദ്ദുആ' എന്ന ഈ പുസ്തകം. വിശുദ്ധഖുർആനിൽ നിന്നുള്ള ദുആകളും, ഹദീസിൽനിന്നുള്ള ദുആകളും, മസീഹ് മഊദ് (അ) നിർദ്ദേശിച്ചിട്ടുള്ള ദുആകളുമാണ് ഇതിലെ ഉള്ളടക്കം. ഈ പുസ്തകം വിശ്വാസികളുടെ സന്തതസഹചാരിയായിത്തീരണം എന്ന ഉദ്ദേശ്യത്തോടെയാണ് തയ്യാർ ചെയ്തിട്ടുള്ളത്. ഇതിൽനിന്ന് ഫലമെടുക്കാൻ വിശ്വാസികൾക്ക് കഴിയുമാറാകട്ടെ.

'അദ്ദുആ' തയ്യാർ ചെയ്തത് ജനാബ് സി. സലീം അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ്, മൗലവി എം. സഫർ അഹ്മദ് സാഹിബ്, മൗലവി എം. നാസിർ അഹ്മദ് സാഹിബ് എന്നിവരാണ്. പ്രൂഫ് വായനയിൽ ജനാബ് എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബിന്റെ സഹായവും ലബ്ധമായിട്ടുണ്ട്. അവർക്കൊക്കെ ഇവിടെ നന്ദി രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണ ചുമതല മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന സമിതിയാണ് നിർവ്വഹിക്കുന്നതെങ്കിലും സാമ്പത്തികമായ ചെലവുകൾ വഹിക്കുന്നത് ജനാബ് സി. സലിം അഹ്മദ് സാഹിബ് ആണ്. ഈ പുസ്തകത്തിൽനിന്നുള്ള വരുമാനം മറ്റു പുസ്തകങ്ങളുടെ അച്ചടി ചിലവിലേക്ക് വകകൊള്ളിക്കുന്നതാണ്. ജനാബ് സലിം അഹ്മദ് സാഹിബിന്റെ നിസ്വാർത്ഥമായ ഈ സേവനത്തിന് നന്ദി പറയുന്നതോടൊപ്പം അദ്ദേഹത്തിന്റെ സ്വാലിഹായ ഈ അമൽ അല്ലാഹു സ്വീകരിക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുകയും ചെയ്യുന്നു.

സർവ്വശക്തനും കാരുണികനുമായ ഇലാഹ് ഈ പ്രസിദ്ധീകരണത്തെ അനുഗ്രഹിക്കുമാറാകട്ടെ എന്ന ദുആയോടെ ഈ പുസ്തകം ജമാഅത്തിനു മുമ്പിൽ സവിനയം സമർപ്പിച്ചു കൊള്ളുന്നു.

മജ്‌ലിസ് അൻസാറുല്ലാഹ്
സംസ്ഥാന സമിതിക്കുവേണ്ടി
ബിഎം കോയ
നാസിം അഅ്‌ലാ കേരള

കണ്ണൂർ
21-12-2001

# സമർപ്പണം

എന്റെ പിതാവായ ജനാബ്
സി. അബ്ദുർറഹീം സാഹി
ബിന്റെ പാവനസ്മരണയ്ക്കു
മുമ്പിൽ ഈ പുസ്തകം
സവിനയം സമർപ്പിക്കുന്നു.
അദ്ദേഹത്തിന്റെ മഗ്ഫിറ
ത്തിനുവേണ്ടി സഹോദര
ങ്ങൾ ദുആ ചെയ്യണമെന്ന്
വിനീതമായി അപേക്ഷിക്കു
കയും ചെയ്യുന്നു.

സലീം അഹ്മദ്

# വിശുദ്ധ ഖുർആനിലെ ദുആകൾ

## എപ്പോഴും ആവർത്തിക്കപ്പെടുന്ന പ്രാർത്ഥന: സൂറത്തുൽ ഫാതിഹ

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

ٱلۡحَمۡدُ لِلَّهِ رَبِّ ٱلۡعَٰلَمِينَ ﴿٢﴾ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿٣﴾ مَٰلِكِ يَوۡمِ
ٱلدِّينِ ﴿٤﴾ إِيَّاكَ نَعۡبُدُ وَإِيَّاكَ نَسۡتَعِينُ ﴿٥﴾ ٱهۡدِنَا ٱلصِّرَٰطَ ٱلۡمُسۡتَقِيمَ ﴿٦﴾
صِرَٰطَ ٱلَّذِينَ أَنۡعَمۡتَ عَلَيۡهِمۡ غَيۡرِ ٱلۡمَغۡضُوبِ عَلَيۡهِمۡ وَلَا ٱلضَّآلِّينَ ﴿٧﴾

പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു).

സർവ്വസ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ, കരുണാമയൻ, പ്രതിഫലം നൽകപ്പെടുന്ന നാളിന്റെ ഉടമസ്ഥൻ. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നീ ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ, കോപത്തിന് പാത്രമായവരുടേയോ, വഴിപിഴച്ചവരുടേയോ മാർഗ്ഗത്തിലല്ല. (1:1–7)

## ഞങ്ങളുടെ പേരും സാക്ഷിയായി നീ രേഖപ്പെടുത്തേണമേ

رَبَّنَآ ءَامَنَّا بِمَآ أَنزَلْتَ وَٱتَّبَعْنَا
ٱلرَّسُولَ فَٱكْتُبْنَا مَعَ ٱلشَّـٰهِدِينَ ۝

ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചു. ഈ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തേണമേ. (3:54)

## ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിച്ചുകളയരുതേ

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا
مِن لَّدُنكَ رَحْمَةً ۚ إِنَّكَ أَنتَ ٱلْوَهَّابُ ۝

ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചുകളയരുതേ, നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ (അനുഗ്രഹ) ദാതാവ്. (3:9)

## ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തേണമേ

رَبَّنَا ٱغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ ۝

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. (3:148)

## ഞങ്ങൾക്ക് സഹനം നൽകി നീ സഹായിക്കേണമേ

رَبَّنَآ أَفْرِغْ عَلَيْنَا صَبْرًا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَـٰفِرِينَ ۝

ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. (2:251)

## ഞങ്ങൾക്ക് ഇഹപരലോകങ്ങളിൽ നീ നന്മ ചെയ്യേണമേ

(നബി(സ) അധികമായി ചൊല്ലാറുണ്ടായിരുന്ന പ്രാർത്ഥന)

رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ۝

ഞങ്ങളുടെ നാഥാ, ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നീ നന്മ നൽകേണമേ; പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തു രക്ഷിക്കേണമേ. (2:202)

## ഞങ്ങളെ അനുസരിക്കുന്നവരിൽ ഉൾപ്പെടുത്തേണമേ

رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ۝ رَبَّنَا وَٱجْعَلْنَا

مُسْلِمَيْنِ لَكَ وَمِن ذُرِّيَّتِنَآ أُمَّةً مُّسْلِمَةً لَّكَ وَأَرِنَا مَنَاسِكَنَا

وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ۝

ഞങ്ങളുടെ നാഥാ, ഞങ്ങളിൽനിന്ന് (ഈ സേവനത്തെ) സ്വീകരിക്കേണമേ. നിശ്ചയമായും എല്ലാം കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണ്. ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരേയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽനിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദയാത്തെ എഴുന്നേല്പിക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചുതരേണമേ. നീ ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ. നിശ്ചയമായും നീ തന്നെയാകുന്നു (നിന്റെ ദാസന്മാരുടെ നേരെ) വളരെയധികം ശ്രദ്ധതിരിക്കുന്നവനും കരുണാമയനും. (2:128,129)

**എന്നെ അനുസരണയുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം ഉൾപ്പെടുത്തുകയും ചെയ്യേണമേ**

فَاطِرَ ٱلسَّمَـٰوَٰتِ وَٱلۡأَرۡضِ أَنتَ وَلِىِّۦ فِى ٱلدُّنۡيَا

وَٱلۡأَخِرَةِ‌ۖ تَوَفَّنِى مُسۡلِمً۬ا وَأَلۡحِقۡنِى بِٱلصَّـٰلِحِينَ ۝

ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ, ഇഹത്തിലും പരത്തിലും നീ എന്റെ രക്ഷാകർത്താവാണ്. എന്നെ അനുസരണയുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം ഉൾപ്പെടുത്തുകയും ചെയ്യേണമേ. (12:102)

**നീ ഞങ്ങൾക്ക് അഭിവൃദ്ധി പ്രദാനം ചെയ്യേണമേ**

قُلِ ٱللَّهُمَّ مَـٰلِكَ ٱلۡمُلۡكِ تُؤۡتِى ٱلۡمُلۡكَ مَن تَشَآءُ وَتَنزِعُ ٱلۡمُلۡكَ

مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ‌ۖ بِيَدِكَ ٱلۡخَيۡرُ‌ۖ إِنَّكَ عَلَىٰ

كُلِّ شَىۡءٍ۬ قَدِيرٌ۬ ۝ تُولِجُ ٱلَّيۡلَ فِى ٱلنَّهَارِ وَتُولِجُ ٱلنَّهَارَ فِى ٱلَّيۡلِ‌ۖ

وَتُخۡرِجُ ٱلۡحَىَّ مِنَ ٱلۡمَيِّتِ وَتُخۡرِجُ ٱلۡمَيِّتَ مِنَ ٱلۡحَىِّ‌ۖ وَتَرۡزُقُ مَن

تَشَآءُ بِغَيۡرِ حِسَابٍ۬ ۝

സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നല്കുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നല്കുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാം നന്മയും നിന്റെ കയ്യിലാണ്. നിസ്സംശയം! നീ എല്ലാ കാര്യങ്ങൾക്കും പൂർണ്ണമായും കഴിവുള്ളവനാകുന്നു. നീ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. നിർജ്ജീവമായതിൽനിന്ന് ജീവനുള്ളതിനേയും ജീവനുള്ളതിനിന്ന് നിർജ്ജീവമായതിനെയും നീ ഉത്ഭവിപ്പിക്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ (വിഭവങ്ങൾ) നല്കുകയും ചെയ്യുന്നു. (3:27,28)

## ഞങ്ങൾക്ക് വഹിക്കാൻ കഴിയാത്ത ഭാരം ഞങ്ങളിൽ നീ ചുമത്തരുതേ

رَبَّنَا لَا تُؤَاخِذْنَآ إِن نَّسِينَآ أَوْ أَخْطَأْنَا ۚ رَبَّنَا وَلَا تَحْمِلْ عَلَيْنَآ إِصْرًا
كَمَا حَمَلْتَهُۥ عَلَى ٱلَّذِينَ مِن قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا
بِهِۦ ۖ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى
ٱلْقَوْمِ ٱلْكَٰفِرِينَ ۝

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ, ഞങ്ങൾക്കു മുമ്പേ ഉണ്ടായിരുന്നവരുടെ മേൽ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെമേൽ ചുമത്തരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ. ഞങ്ങൾക്ക് മാപ്പ് നല്കേണമേ, ഞങ്ങൾക്ക് പൊറുത്തു തരേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. (2:287)

## ഞങ്ങളെ നരകശിക്ഷയിൽനിന്ന് തിരിച്ചുവിടേണമേ

رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ ۖ إِنَّ عَذَابَهَا كَانَ غَرَامًا ۝ إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا ۝

ഞങ്ങളുടെ നാഥാ, ഞങ്ങളിൽ നിന്ന് നരകശിക്ഷയെ തിരിച്ചു വിടേണമേ. തീർച്ചയായും അതിന്റെ ശിക്ഷ വളരെ വലിയ നാശമാണ്. അത് താൽക്കാലിക സ്ഥലമെന്ന നിലയ്ക്കും സ്ഥിരവാസ സ്ഥലമെന്ന നിലയ്ക്കും വളരെ ചീത്തയാണ്. (25:66,67).

## നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് പ്രദാനം ചെയ്യേണമേ

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَـٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ۝ رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَـٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ ۝

ഞങ്ങളുടെ നാഥാ, സത്യവിശ്വാസത്തിലേക്ക് (ഞങ്ങളെ) വിളിക്കുന്ന ഒരാളുടെ വിളി ഞങ്ങൾ കേട്ടു. നിങ്ങളുടെ നാഥനെ വിശ്വസിക്കുക എന്ന് അദ്ദേഹം വിളിച്ചു പറയുന്നു. അപ്പോൾ ഞങ്ങൾ വിശ്വസിച്ചു. ഞങ്ങളുടെ രക്ഷിതാവേ, അതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്ത് തരികയും ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽ നിന്ന് അകറ്റിക്കളയുകയും സുകൃതവാന്മാരുടെ കൂടെ (അവരിൽ ഉൾപ്പെടുത്തി) ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ നാഥാ, നിന്റെ ദൂതന്മാർ മുഖേന നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. പുനരുത്ഥാനനാളിൽ ഞങ്ങളെ അപമാനിക്കരുതേ. നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല. (3:194,195).

## നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ

رَبَّنَآ أَفۡرِغۡ عَلَيۡنَا صَبۡرًا وَتَوَفَّنَا مُسۡلِمِينَ ۝

ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ, അനുസരണമുള്ളവരായി ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ (7:127).

## ഞങ്ങളെ അക്രമികളിൽനിന്ന് രക്ഷിക്കേണമേ, ഒരു സഹായിയെ ഞങ്ങൾക്ക് നിശ്ചയിച്ചു തരേണമേ

رَبَّنَآ أَخۡرِجۡنَا مِنۡ هَٰذِهِ ٱلۡقَرۡيَةِ ٱلظَّالِمِ أَهۡلُهَا وَٱجۡعَل لَّنَا مِن لَّدُنكَ وَلِيًّا وَٱجۡعَل لَّنَا مِن لَّدُنكَ نَصِيرًا ۝

ഞങ്ങളുടെ നാഥാ, അക്രമികളായ നിവാസികളുള്ള ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ. ഞങ്ങൾക്ക് നിന്നിൽനിന്ന് വല്ല ഒരു സുഹൃത്തിനെ നി നിശ്ചയിച്ചു തരേണമേ. നിന്റെ പക്കൽനിന്ന് വല്ല ഒരു സഹായിയേയും നീ ഞങ്ങൾക്ക് നിശ്ചയിച്ചു തരേണമേ. (4:76)

## അവിശ്വാസികളിൽനിന്ന് നീ ഞങ്ങളെ രക്ഷിക്കേണമേ

عَلَى ٱللَّهِ تَوَكَّلْنَا رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّـٰلِمِينَ ۝

وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَـٰفِرِينَ ۝

അല്ലാഹുവിനെ മാത്രമാണ് ഞങ്ങൾ ആശ്രയമാക്കിയിട്ടുള്ളത്, ഞങ്ങളുടെ നാഥാ, നീ ഞങ്ങളെ അക്രമികൾക്ക് ഒരു പരീക്ഷണമാക്കരുതേ. അവിശ്വാസികളായ ജനങ്ങളിൽനിന്ന് നിന്റെ കാരുണ്യത്താൽ ഞങ്ങളെ രക്ഷിക്കേണമേ. (10:86,87)

## ഞങ്ങൾ ഞങ്ങളോട് തെറ്റുചെയ്തുപോയി, നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ

رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا

وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَـٰسِرِينَ ۝

ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളോടുതന്നെ തെറ്റു ചെയ്തുപോയി. നീ ഞങ്ങൾക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണകാണിക്കുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽപെട്ടുപോകും. (7:24)

رَبَّنَآ ءَاتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ۝

ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് നിന്റെ പക്കൽനിന്നുള്ള കാരുണ്യം നല്കേണമേ. ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങ ൾക്ക് വഴിയൊരുക്കി തരികയും ചെയ്യേണമേ. (18:11)

## ഞങ്ങൾക്ക് നിന്റെ പക്കൽനിന്നുള്ള കാരുണ്യം നല്കേണമേ

رَّبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّٰحِمِينَ ۝

എന്റെ നാഥാ നീ പൊറുത്തു തരികയും കരുണ ചെയ്യുകയും ചെയ്യേണമേ. നീ കരുണ ചെയ്യുന്നവരിൽ ഉത്തമനാകുന്നു. (23:119)

## പ്രബോധനത്തിൽ വിജയം നല്കേണമേ

رَبِّ ٱشْرَحْ لِى صَدْرِى ۝ وَيَسِّرْ لِىٓ أَمْرِى ۝

وَٱحْلُلْ عُقْدَةً مِّن لِّسَانِى ۝ يَفْقَهُوا۟ قَوْلِى ۝

എന്റെ നാഥാ, നീ എനിക്ക് എന്റെ ഹൃദയത്തെ വികസിപ്പിച്ചു തരേണമേ (എന്റെ ബാധ്യതകൾ നിറവേറ്റുന്നതിന്) എന്റെ കാര്യം എളുപ്പമാക്കിത്തരേണമേ. എന്റെ നാവിൽ നിന്ന് കെട്ട ഴിച്ചു തരേണമേ അവർ (ജനങ്ങൾ) എന്റെ വാക്ക് (എളുപ്പ ത്തിൽ) മനസ്സിലാക്കുന്നതിനുവേണ്ടി. (20:26–29)

## ഞങ്ങളുടേയും ജനങ്ങളുടേയും ഇടയിൽ തീരുമാനം കല്പിക്കേണമേ

رَبَّنَا ٱفۡتَحۡ بَيۡنَنَا وَبَيۡنَ قَوۡمِنَا بِٱلۡحَقِّ وَأَنتَ خَيۡرُ ٱلۡفَٰتِحِينَ ۝

ഞങ്ങളുടെ നാഥാ, ഞങ്ങളുടേയും ഞങ്ങളുടെ ജനങ്ങളുടേയും ഇടയിൽ സത്യമനുസരിച്ച് നീ തീരുമാനം കല്പിക്കേണമേ. തീരുമാനം ചെയ്യുന്നവരിൽ നീ ഏറ്റവും ഉത്തമനാണല്ലോ.(7:90)

## നീ എന്നെ അക്രമികളായ ജനങ്ങളിൽ ഉൾപ്പെടുത്തരുതേ

رَّبِّ إِمَّا تُرِيَنِّي مَا يُوعَدُونَ ۝

رَبِّ فَلَا تَجۡعَلۡنِي فِي ٱلۡقَوۡمِ ٱلظَّٰلِمِينَ ۝

എന്റെ നാഥാ, അവർക്ക് താക്കീത് നല്കപ്പെടുന്ന ശിക്ഷ നീ എനിക്ക് കാണിച്ചു തരുന്നപക്ഷം എന്റെ നാഥാ, എന്നെ നീ അക്രമികളായ ജനങ്ങളിൽ ഉൾപ്പെടുത്തരുതേ. (23:94,95)

## നീ സത്യമായി വിധി കല്പിക്കേണമേ

رَبِّ ٱحۡكُم بِٱلۡحَقِّۗ وَرَبُّنَا ٱلرَّحۡمَٰنُ

ٱلۡمُسۡتَعَانُ عَلَىٰ مَا تَصِفُونَ ۝

എന്റെ നാഥാ, നീ സത്യമായി വിധി കല്പിക്കേണമേ. നമ്മുടെ നാഥൻ പരമകാരുണികനാണ്, നിങ്ങൾ (അവിശ്വാസികൾ) ചിത്രീകരിക്കുന്നതിന്നെതിരിൽ സഹായമഭ്യർത്ഥിക്കപ്പെടുന്നവനുമാണ്. (21:113)

## നീ ഞങ്ങൾക്ക് പാപപ്പൊറുതി നല്കേണമേ

سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ۝

ഞങ്ങൾ (അല്ലാഹുവിന്റെ കല്പന) കേൾക്കുകയും (ഹൃദയ പൂർവ്വം) അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, നിന്നിൽനിന്നുള്ള പാപപ്പൊറുതിക്ക് ഞങ്ങൾ അർത്ഥി ക്കുന്നു. നിന്നിലേക്കു തന്നെയാണ് (ഞങ്ങളുടെ) മടക്കം. (2:286).

## ഞങ്ങൾക്ക് കരുണ ചെയ്യേണമേ

رَبَّنَآ ءَامَنَّا فَٱغۡفِرۡ لَنَا وَٱرۡحَمۡنَا وَأَنتَ خَيۡرُ ٱلرَّٰحِمِينَ ۝

ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസിച്ചു. അതിനാൽ ഞങ്ങ ൾക്ക് പൊറുത്തുതരേണമേ. ഞങ്ങൾക്ക് കരുണ ചെയ്യേണമേ. നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ. (23:110)

## സന്താനങ്ങൾക്കും, മാതാപിതാക്കൾക്കും, സത്യവിശ്വാസികൾക്കും പൊറുത്തുതരേണമേ

رَبِّ ٱجۡعَلۡنِي مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِيۚ رَبَّنَا وَتَقَبَّلۡ دُعَآءِ ۝

رَبَّنَا ٱغۡفِرۡ لِي وَلِوَٰلِدَيَّ وَلِلۡمُؤۡمِنِينَ يَوۡمَ يَقُومُ ٱلۡحِسَابُ ۝

എന്റെ നാഥാ, നീ എന്നെ നമസ്ക്കാരം നല്ലപോലെ നിർവ്വഹി ക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽനിന്നും. ഞങ്ങളു ടെ നാഥാ എന്റെ പ്രാർത്ഥന സ്വീകരിച്ചാലും. ഞങ്ങളുടെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാ സികൾക്കും വിചാരണ നിലവിൽ വരുന്ന നാളിൽ പൊറുത്തു തരേണമേ. (14:41,42)

## മാതാപിതാക്കൾക്ക് നീ കരുണ ചെയ്യേണമേ

رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا ۝

എന്റെ നാഥാ, അവർ രണ്ടുപേരും എന്നെ ചെറുപ്രായത്തിൽ പോറ്റിവളർത്തിയതു പോലെ നീയും അവർക്ക് കരുണ ചെയ്യേണമേ. (17:25)

## സദ്‌വൃത്തരായ ദാസന്മാരിൽ നീ എന്നെ ഉൾപ്പെടുത്തേണമേ

رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ

أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِى بِرَحْمَتِكَ فِى عِبَادِكَ ٱلصَّٰلِحِينَ ۝

എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹത്തിന് നന്ദി കാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാനും എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യം കൊണ്ട് നിന്റെ സദ്‌വൃത്തരായ ദാസന്മാരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ. (27:20)

## നീ എനിക്ക് കഴിവും പ്രേരണയും പ്രദാനം ചെയ്യേണമേ, എന്റെ സന്തതികളിൽ എനിക്ക് നന്മയും നല്കേണമേ

رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ

وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ

إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ۝

എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ ചെയ്യുവാനും എനിക്ക് കഴിവും പ്രേരണയും പ്രദാനം ചെയ്യേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കേണമേ. ഞാൻ നിന്നിലേക്ക് തീർച്ചയായും മടങ്ങുന്നു. ഞാൻ (നിന്നെ) പരിപൂർണ്ണമായി അനുസരിക്കുന്നവരിൽപ്പെട്ടവനാണ് (46:16).

**നീ എന്നെ സ്വർഗ്ഗത്തിൻെറ അവകാശികളിൽപെട്ടവനാക്കേണമേ**

رَبِّ هَبۡ لِي حُكۡمٗا وَأَلۡحِقۡنِي بِٱلصَّٰلِحِينَ ۝ وَٱجۡعَل لِّي لِسَانَ
صِدۡقٖ فِي ٱلۡأٓخِرِينَ ۝ وَٱجۡعَلۡنِي مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ۝

എന്റെ നാഥാ, നീ എനിക്ക് വിവേകജ്ഞാനം നല്കുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. പിൻതലമുറകളിൽ ശാശ്വതമായി നിലനില്ക്കുന്ന പ്രശംസ നീ എനിക്ക് നല്കേണമേ. നീ എന്നെ സുഖാനുഭൂതിയുടെ സ്വർഗ്ഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ. (26:84–86)

**ഇണകളിൽനിന്നും സന്തതികളിൽനിന്നും ഞങ്ങൾക്ക് കൺകുളിർമ്മ നൽകേണമേ**

رَبَّنَا هَبۡ لَنَا مِنۡ أَزۡوَٰجِنَا وَذُرِّيَّٰتِنَا
قُرَّةَ أَعۡيُنٖ وَٱجۡعَلۡنَا لِلۡمُتَّقِينَ إِمَامًا ۝

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽനിന്നും ഞങ്ങളുടെ സന്തതികളിൽനിന്നും ഞങ്ങൾക്ക് കൺകുളിർമ (പരമ സംതൃപ്തി) പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ അനുകരണയോഗ്യരാക്കിത്തീർക്കേണമേ. (25:75)

## നീ എനിക്ക് പരിശുദ്ധരും സൽകർമ്മി കളുമായ സന്തതികളെ നല്കേണമേ

رَبِّ هَبۡ لِى مِن لَّدُنكَ ذُرِّيَّةً طَيِّبَةًۖ إِنَّكَ سَمِيعُ ٱلدُّعَآءِ ۝

എന്റെ നാഥാ, നീ എനിക്ക് നിന്റെ പക്കൽനിന്ന് പരിശുദ്ധരാ യ സന്തതികളെ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ പ്രാ ർത്ഥന കേൾക്കുന്നവനാണല്ലോ. (3:39)

## നീ എന്നെ തനിയെ വിട്ടുകളയരുതേ

رَبِّ لَا تَذَرۡنِى فَرۡدًا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ۝

എന്റെ നാഥാ, നീ എന്നെ തനിയെ വിട്ടുകളയരുതേ. നീ അവ കാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു. (21:90)

## ഗുണകരമായതിൽ എനിക്കവകാശം നല്കേണമേ

رَبِّ إِنِّى لِمَآ أَنزَلۡتَ إِلَىَّ مِنۡ خَيۡرٍ فَقِيرٌ ۝

എന്റെ നാഥാ, നീ എനിക്ക് ഇറക്കിത്തരുന്ന ഗുണകരമായ ഏ തൊന്നിനും ഞാൻ ആവശ്യക്കാരനാണ്. (28:25)

## യാത്രയിൽ നീ ഞങ്ങളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യേണമേ

بِسۡمِ ٱللَّهِ مَجۡرٜىٰهَا وَمُرۡسَىٰهَآۚ إِنَّ رَبِّى لَغَفُورٞ رَّحِيمٞ

ഇതിന്റെ സഞ്ചാരവും നില്പും അല്ലാഹുവിന്റെ നാമത്തിന്റെ അനുഗ്രഹത്തിലാണ്. തീർച്ചയായും എന്റെ നാഥൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (11:42)

سُبۡحَٰنَ ٱلَّذِى سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُۥ مُقۡرِنِينَ

وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ

ഞങ്ങൾക്ക് ഇതിനെ കീഴ്പ്പെടുത്തിത്തന്നവൻ പരിശുദ്ധനാണ്. ഇതിനെ വഴിപ്പെടുത്താൻ ഞങ്ങൾക്ക് കഴിവുണ്ടായിരുന്നില്ല. തീർച്ചയായും ഞങ്ങളുടെ നാഥനിലേക്കാണ് ഞങ്ങളുടെ മടക്കം. (43:14,15)

## സത്യവിശ്വാസികൾക്ക് പൊറുത്തുകൊടുക്കേണമേ

رَبَّنَا ٱغۡفِرۡ لَنَا وَلِإِخۡوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلۡإِيمَٰنِ وَلَا تَجۡعَلۡ

فِى قُلُوبِنَا غِلّٗا لِّلَّذِينَ ءَامَنُواْ رَبَّنَآ إِنَّكَ رَءُوفٞ رَّحِيمٌ

ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നീ പൊറുത്തു തരേണമേ. ഞങ്ങൾക്കു മുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും (പൊറുത്തുകൊടുക്കേണമേ). സത്യവിശ്വാസികളുടെ നേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും ജനിപ്പിക്കരുതേ. ഞങ്ങളുടെ നാഥാ, തീർച്ചയായും നീ കൃപാലുവും കരുണാമയനുമാകുന്നു. (59:11)

## സത്യനിഷേധികൾക്ക് നീ ഞങ്ങളെ പരീക്ഷണമാക്കരുതേ

رَّبَّنَا عَلَيۡكَ تَوَكَّلۡنَا وَإِلَيۡكَ أَنَبۡنَا وَإِلَيۡكَ ٱلۡمَصِيرُ۝ رَبَّنَا لَا تَجۡعَلۡنَا
فِتۡنَةً لِّلَّذِينَ كَفَرُواْ وَٱغۡفِرۡ لَنَا رَبَّنَآۖ إِنَّكَ أَنتَ ٱلۡعَزِيزُ ٱلۡحَكِيمُ۝

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ കാര്യങ്ങൾ ഞങ്ങൾ നിന്നെ ഭരമേല്പിച്ചുകൊള്ളുന്നു. നിന്നിലേക്ക് ഞങ്ങൾ മടങ്ങുന്നു. (അവസാന) മടക്കം നിന്നിലേക്കു തന്നെയാണ്. ഞങ്ങളുടെ നാഥാ, (സത്യത്തെ) നിഷേധിച്ചവർക്ക് നീ ഞങ്ങളെ ഒരു പരീക്ഷണമാക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് പൊറുത്തുതരേണമേ. തീർച്ചയായും നീ പ്രതാപവാനും യുക്തിജ്ഞനുമാണ്. (60:5,6)

## നീ ആരാധ്യനും പരിശുദ്ധനുമാണ്, ഞാൻ അധർമ്മകാരികളിൽപെട്ടവനും. നീ എന്നെ സംരക്ഷിക്കേണമേ

لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ۝

നീ അല്ലാതെ ഒരു ആരാധ്യനുമില്ല. നീ പരിശുദ്ധനാണ്. തീർച്ചയായും ഞാൻ അക്രമികളിൽപ്പെട്ടവനാകുന്നു. (21:88)

## ബാഹ്യവും ആന്തരവുമായ നല്ല മാർഗ്ഗത്തിലാക്കേണമേ

رَّبِّ أَدۡخِلۡنِي مُدۡخَلَ صِدۡقٖ وَأَخۡرِجۡنِي مُخۡرَجَ صِدۡقٖ
وَٱجۡعَل لِّي مِن لَّدُنكَ سُلۡطَٰنٗا نَّصِيرٗا۝

എന്റെ നാഥാ, ബാഹ്യവും ആന്തരവുമായ നല്ല പ്രവേശന മാർഗ്ഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരവുമായ നല്ല പുറത്തേക്കുള്ള മാർഗ്ഗത്തിലൂടെ നീ എന്നെ പുറത്തു കൊണ്ടുവരികയും ചെയ്യേണമേ, നിന്റെ പക്കൽ നിന്ന് എനിക്ക് സഹായകമായ ഒരു ശക്തി നല്കുകയും ചെയ്യേണമേ. (17:81)

## നീ എനിക്ക് അറിവ് വർദ്ധിപ്പിച്ചുതരേണമേ

رَّبِّ زِدۡنِي عِلۡمٗا ۝

എന്റെ നാഥാ, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ. (20:115)

## പിശാചിന്റെ ഉപദ്രവങ്ങളിൽനിന്ന് നീ എനിക്ക് അഭയം നല്കേണമേ

رَّبِّ أَعُوذُ بِكَ مِنۡ هَمَزَٰتِ ٱلشَّيَٰطِينِ ۝

وَأَعُوذُ بِكَ رَبِّ أَن يَحۡضُرُونِ ۝

എന്റെ നാഥാ, അതിക്രമകാരികളായ ആളുകളുടെ ഉപദ്രവത്തിൽനിന്ന് ഞാൻ നിന്നോട് അഭയം തേടുന്നു. എന്റെ നാഥാ, അവർ (ആ പിശാചുക്കൾ) എന്റെ അടുക്കൽ വരുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. (23:98,99)

## നഷ്ടം സംഭവിച്ചാൽ - അല്ലാഹുവേ നീ എനിക്ക് ആശ്വാസം നല്കേണമേ

عَسَىٰ رَبُّنَآ أَن يُبْدِلَنَا خَيْرًا مِّنْهَآ إِنَّآ إِلَىٰ رَبِّنَا رَٰغِبُونَ ۝

ഒരുപക്ഷേ അതിനെ (നഷ്ടത്തെ)ക്കാൾ ഉത്തമമായതിനെ നമ്മുടെ രക്ഷിതാവ് നമുക്ക് പകരം നൽകിയേക്കാം. നിശ്ചയമായും നാം നമ്മുടെ രക്ഷിതാവിലേക്ക് ആഗ്രഹം സമർപ്പിക്കുന്നവരാകുന്നു. (68:33)

# അദ്ദുആഉൽ മസ്നൂൻ (സുന്നത്തായ ദുആകൾ)

## ഉറങ്ങാൻ കിടക്കുമ്പോൾ

اَللّٰهُمَّ بِاسْمِكَ اَمُوتُ وَاَحْيٰ

അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. (ബുഖാരി, മുസ്ലിം)

## ബാങ്കിനുശേഷം

اَللّٰهُمَّ رَبَّ هٰـذِهِ الدَّعْوَةِ التَّامَّةِ وَالصَّلٰـوةِ الْقَائِمَةِ ءَاتِ

مُحَمَّدَانِ الْوَسِيْلَةَ وَالْفَضِيْلَةَ وَالدَّرَجَةَ الرَّفِيْعَةَ وَابْعَثْهُ مَقَامًا

مَّحْمُوْدَانِ الَّذِىْ وَعَدْتَّهُ اِنَّكَ لَا تُخْلِفُ الْمِيْعَادَ

അല്ലാഹുവേ, ഈ പരിപൂർണ്ണമായ വിളിയുടേയും ആസന്നമായ നമസ്കാരത്തിന്റേയും നാഥാ, ഹസ്റത്ത് മുഹമ്മദ് നബി(സ) തിരുമേനിക്ക് ‘വസീലത്ത്’, ‘ഫസീലത്ത്’ എന്നീ മഹൽസ്ഥാനങ്ങളും ഉന്നതപദവിയും നല്കേണമേ. നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുത്യർഹമായ സ്ഥാനത്ത് അദ്ദേഹത്തെ നിയോഗിക്കേണമേ. നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുന്നതല്ല. (ബുഖാരി)

## ഉറങ്ങി എഴുന്നേല്ക്കുമ്പോൾ

أَلْحَمْدُ لِلّٰهِ الَّذِىْ أَحْيَانَا بَعْدَ مَا اَمَاتَنَا وَإِلَيْهِ النُّشُوْرُ

ഞങ്ങളെ മരിപ്പിച്ച ശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ്വസ്തുതിയും. അവന്റെയടുക്കലേക്ക് തന്നെയാണ് പുനരുത്ഥാനവും.

## വിസർജ്ജനസ്ഥലത്ത് കടക്കുമ്പോൾ

اَللّٰهُمَّ إِنِّي أَعُوْذُبِكَ مِنَ الْخُبْثِ وَالْخَبَآئِثِ

അല്ലാഹുവേ, തീർച്ചയായും ഞാൻ ആൺ പിശാചുകളിൽനിന്നും പെൺപിശാചുകളിൽനിന്നും നിന്നോടു അഭയംതേടുന്നു.

## വിസർജ്ജനസ്ഥലത്തുനിന്ന് പുറത്തിറങ്ങുമ്പോൾ

غُفْرَانَكَ اَلْحَمْدُ لِلّٰهِ الَّذِىْ اَذْهَبَ عَنِّي الْاَذٰى وَعَافَانِي

നിന്നോടു ഞാൻ മാപ്പിനപേക്ഷിക്കുന്നു. എന്നിൽ നിന്ന് എല്ലാ ബുദ്ധിമുട്ടുകളേയും അകറ്റുകയും എന്നെ സുഖപ്പെടുത്തുകയും ചെയ്ത അല്ലാഹുവിനാണ് സർവസ്തുതിയും.

## ആഹാരപാനീയങ്ങൾക്കു മുമ്പേ

بِسْمِ اللّٰهِ وَعَلٰى بَرَكَةِ اللّٰهِ

അല്ലാഹുവിന്റെ നാമത്തിലാണ് ഞാൻ തുടങ്ങുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്തോടുകൂടിയും.

## ആഹാരപാനീയങ്ങൾക്കു ശേഷം

اَلْحَمْدُ لِلّٰهِ الَّذِىْ اَطْعَمَنَا وَسَقَانَا وَجَعَلَنَا مِنَ الْمُسْلِمِيْنَ

ഞങ്ങൾക്ക് ആഹാരപാനീയങ്ങൾ നല്കുകയും ഞങ്ങളെ അനുസരണയുള്ളവരിൽ പെടുത്തുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും.

## വസ്ത്രം ധരിക്കുമ്പോൾ

اَللّٰهُمَّ لَكَ الْحَمْدُ كَمَا كَسَوْتَنِيْهِ

അല്ലാഹുവേ, ഈ വസ്ത്രം എന്നെ ധരിപ്പിച്ച നിനക്കാകുന്നു സർവ്വസ്തുതിയും.

## പുറത്തേക്കിറങ്ങുമ്പോൾ

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ

അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് ഞാൻ പുറപ്പെടുന്നു. പാപകൃത്യങ്ങളിൽനിന്നും പിൻമാറുന്നതിനും ആരാധനയിൽ പ്രാപ്തി ഉണ്ടാകുന്നതിനും അല്ലാഹുവിന്റെ സഹായം കൊണ്ടല്ലാതെ സാദ്ധ്യമല്ല.

## വീട്ടിൽ പ്രവേശിക്കുമ്പോൾ

اَللّٰهُمَّ إِنِّى اَسْئَلُكَ خَيْرَ الْمَوْلَجِ وَخَيْرَ الْمَخْرَجِ

بِسْمِ اللهِ وَلَجْنَا وَعَلَى اللهِ رَبِّنَا تَوَكَّلْنَا

അല്ലാഹുവേ, നന്മയായ പ്രവേശനത്തേയും നന്മയായ പുറപ്പാടിനേയും ഞാൻ നിന്നോടു ചോദിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ നാം വീട്ടിൽ പ്രവേശിക്കുകയും അല്ലാഹുവിനെ ഭരമേല്പിക്കുകയും ചെയ്യുന്നു. (അബൂദാവൂദ്)

## പള്ളിയിൽ പ്രവേശിക്കുമ്പോൾ

بِسْمِ اللهِ الصَّلٰوةُ وَالسَّلَامُ عَلَى رَسُولِ اللهِ .

اَللّٰهُمَّ اغْفِرْ لِىْ ذُنُوْبِىْ وَافْتَحْ لِىْ اَبْوَابَ رَحْمَتِكَ

അല്ലാഹുവിന്റെ നാമത്തിൽ ഞാൻ പ്രവേശിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹവും രക്ഷയും റസൂൽ തിരുമേനി(സ)യുടെ മേൽ വർഷിച്ചു കൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുവേ, നീ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ. നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്നു തരികയും ചെയ്യേണമേ.

## പള്ളിയിൽനിന്ന് പുറത്തിറങ്ങുമ്പോൾ

بِسْمِ اللهِ الصَّلٰوةُ وَالسَّلَامُ عَلَى رَسُولِ اللهِ .

اَللّٰهُمَّ اغْفِرْ لِىْ ذُنُوْبِىْ وَافْتَحْ لِىْ اَبْوَابَ فَضْلِكَ

അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ഇവിടെ നിന്നിറങ്ങുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹവും രക്ഷയും റസൂൽ തിരുമേനി(സ) യുടെ മേൽ വർഷിച്ചു കൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുവേ, നീ എന്റെ പാപങ്ങൾ പൊറുത്തുതരേണമേ. നിന്റെ അനുഗ്രഹ ത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്നുതരികയും ചെയ്യേണമേ.

## അന്യരുടെ വീട്ടിൽനിന്ന് ആഹാരം കഴിച്ചാൽ

اَللّٰهُمَّ بَارِكْ لَهُمْ فِيْهَا مَا رَزَقْتَهُمْ

അല്ലാഹുവേ, അവർക്ക്-ആതിഥേയർക്ക് നൽകിയ ആഹാര ത്തിൽ അവർക്കു നീ ബർക്കത്തു ചെയ്യേണമേ.

## പിറവിചന്ദ്രനെ കാണുമ്പോൾ

اَللّٰهُمَّ اَهِلَّهُ عَلَيْنَا بِالْاَ مَنِ وَالْاِيْمَانِ

وَالسَّلَامَةِ وَالْاِسْلَامِ رَبِّيْ وَرَبُّكَ اللهُ

അല്ലാഹുവേ, നിർഭയത്തോടും, സത്യവിശ്വാസത്തോടും, രക്ഷ യോടും. അനുസരണയോടും ഇതിനെ ഞങ്ങളിൽ ഉദിപ്പിക്കേ ണമേ! നിന്റെ രക്ഷകനും എന്റെ രക്ഷകനും അല്ലാഹു തന്നെ യാകുന്നു. (തിർമിദി)

## നോമ്പിന്റെ നിയ്യത്ത്

وَبِصَوْمِ غَدٍ نَوَّيْتُ مِنْ شَهْرِ رَمَضَانَ

റമളാൻ മാസത്തിലെ നാളത്തെ നോമ്പ് പിടിക്കാൻ നിയ്യത്തു വെച്ചു.

## നോമ്പ് മുറിക്കുമ്പോൾ

اَللّٰهُمَّ إِنِّىْ لَكَ صُمْتُ وَبِكَ ءَامَنْتُ وَعَلٰى رِزْقِكَ أَفْطَرْتُ

അല്ലാഹുവേ, ഞാൻ നിനക്കുവേണ്ടി നോമ്പു നോൽക്കുകയും, നിന്നിൽ വിശ്വസിക്കുകയും, നീ നൽകിയ ആഹാരംകൊണ്ട് നോമ്പ് മുറിക്കുകയും ചെയ്തു.

## ലയ്‌ലത്തുൽഖദ്ർ രാവിൽ

اَللّٰهُمَّ اِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

അല്ലാഹുവേ, നീ മാപ്പു ചെയ്യുന്നവനാകുന്നു. മാപ്പിനെ ഇഷ്ട പ്പെടുന്നു എന്നതിനാൽ നീ എനിക്ക് മാപ്പ് തരേണമേ.

## ഉയരത്തിലേക്ക് കയറുമ്പോൾ

١. اللّٰهُ أَكْبَرُ

1. അല്ലാഹു ഏറ്റവും വലിയവൻ

٢. اَللّٰهُمَّ لَكَ الشَّرَفُ عَلٰى كُلِّ شَرَفٍ وَلَكَ الْحَمْدُ عَلٰى كُلِّ حَالٍ

2. അല്ലാഹുവേ, എല്ലാ ശ്രേഷ്ഠതയെക്കാളും ശ്രേഷ്ഠത നിന ക്കാണ്. എല്ലാ അവസരത്തിലും സ്തുതി നിനക്കു മാത്രമാണ്.

## ഉയരത്തിൽനിന്ന് ഇറങ്ങുമ്പോൾ

ءَاإِبُوْنَ تَاإِبُوْنَ لِرَبِّنَا عَابِدُوْنَ لِرَبِّنَا حَامِدُوْنَ

ഞങ്ങൾ തിരിച്ചുവരുന്നവരും ഖേദിച്ചു മടങ്ങുന്നവരും ആരാധി ക്കുന്നവരും ഞങ്ങളുടെ നാഥനെ സ്തുതിക്കുന്നവരുമാകുന്നു. (മുസ്‌ലിം)

## രോഗമശനത്തിനു വേണ്ടി

أَذْهِبِ الْبَأْسَ رَبَّ النَّاسِ وَاشْفِ اَنْتَ الشَّافِيْ

لاَشِفَاءَ اِلاَّ شِفَائُكَ شِفَاءً لاَّ يُغَادِرُ سَقَمًا

ജനങ്ങളുടെ നാഥാ! വിഷമത്തെ മാററുകയും ശമനം നല്കുകയും ചെയ്യേണമേ. നീയാണ് ശമനം നല്കുന്നവൻ. ഒരു രോഗത്തേയും ശേഷിപ്പിക്കാതെ ശമിപ്പിക്കുന്ന ശമനം നിന്റേതല്ലാതെയില്ല. (ബുഖാരി).

## ശത്രുവിൻെറ ദ്രോഹത്തിന്നെതിരേ

اَللّٰهُمَّ إِنَّا نَجْعَلُكَ فِيْ نُحُوْرِهِمْ وَنَعُوْذُبِكَ مِنْ شُرُوْرِهِمْ

അല്ലാഹുവേ അവരെ നേരിടാൻ ഞങ്ങൾ നിന്നെത്തന്നെ അവരുടെ നെഞ്ചകങ്ങളിൽ ആക്കുന്നു. അവരുടെ എല്ലാ ശർറുകളിൽനിന്നും ഞങ്ങൾ നിന്നോടു രക്ഷതേടുകയും ചെയ്യുന്നു.

## അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി

اَللّٰهُمَّ إِنِّيْ اَسْئَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ وَالْعَمَلَ

الَّذِيْ يُبَلِّغُنِيْ حُبَّكَ اَللّٰهُمَّ آجْعَلْ حُبَّكَ اَحَبَّ إِلَيَّ

مِنْ نَفْسِيْ وَاَهْلِيْ وَمِنَ الْمَاءِ الْبَارِدِ

അല്ലാഹുവേ, നിന്റെ പ്രീതിയും നിന്നെ സ്നേഹിക്കുന്നവരുടെ പ്രീതിയും, നിന്റെ പ്രീതിയെ പ്രാപിക്കുവാനുള്ള പ്രവൃത്തികൾക്കുമായി ഞാൻ നിന്നോടു ചോദിക്കുന്നു. അല്ലാഹുവേ നിന്നോടുള്ള ഇഷ്ടം എന്നെക്കാളും എന്റെ കുടുംബത്തേക്കാളും തണുത്ത പാനീയത്തേക്കാളും ഏറെ ഇഷ്ടപ്പെട്ടതാക്കി മാറ്റേണമേ.

## ദൗർഭാഗ്യത്തിൽനിന്നും മോചനം നേടാൻ

اَللّٰهُمَّ اِنِّى اَعُوْذُبِكَ مِنْ جَهْدِ الْبَلَاءِ وَدَرْكِ

الشَّقَاءِ وَسُوْءِ الْقَضَاءِ وَشَمَاتَةِ الْاَعْدَاءِ

അല്ലാഹുവേ, വിഷമകരമായ ആപത്തിൽനിന്നും ദൗർഭാഗ്യം അനുഭവിക്കുന്നതിൽനിന്നും ദുർവിധിയിൽനിന്നും (എനിക്കുണ്ടാകുന്ന ആപത്തുകളിൽ) ശത്രുക്കൾ സന്തോഷിക്കുന്നതിൽ നിന്നും ഞാൻ നിന്നോടു അഭയം തേടുന്നു.

## വിഷമം നേരിടുമ്പോൾ

اَللّٰهُمَّ اسْتُرْ عَوْرَاتِنَا وَءَامِنْ رَوْعَاتِنَا

അല്ലാഹുവേ, ഞങ്ങളുടെ ന്യൂനതകളെ നീ മറയ്ക്കുകയും ഞങ്ങളുടെ ഭയത്തിൽനിന്ന് നീ ഞങ്ങൾക്ക് നിർഭയം നല്കുകയും ചെയ്യേണമേ.

يَا حَيُّ يَا قَيُّومُ بِرَحْمَتِكَ اَسْتَغِيْثُ

എന്നും ജീവിച്ചിരിക്കുന്നവനും എല്ലാറ്റിനേയും നിലനിർത്തുന്നവനുമായ അല്ലാഹുവേ, നിന്റെ കാരുണ്യത്തെ മുൻനിർത്തി ഞാൻ നിന്നോട് സഹായം ചോദിക്കുന്നു.

لَا إِلَاهَ إِلَّا اللّٰهُ الْعَظِيْمُ الْحَكِيْمُ

മഹാനും യുക്തിജ്ഞനുമായ അല്ലാഹുവല്ലാതെ ആരാധന യ്ക്കർഹൻ മറ്റാരുമില്ല.

لَا إِلَاهَ إِلَّا اللّٰهُ رَبُّ الْعَرْشِ الْعَظِيْمِ

മഹോന്നതമായ അർശിന്റെ രക്ഷകനായ അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ല. (ബുഖാരി, മുസ്‌ലിം)

## ഒരു കാര്യം ചെയ്യാനാരംഭിക്കുമ്പോൾ

رَبَّنَا ءَاتِنَا مِنْ لَّدُنْكَ رَحْمَةً وَهَيِّءْ لَنَا مِنْ أَمْرِنَا رَشَدًا .

رَبِّ اشْرَحْ لِي صَدْرِي وَيَسِّرْ لِي أَمْرِي .

ഞങ്ങളുടെ നാഥാ! നിന്നിൽ നിന്നുമുള്ള അനുഗ്രഹത്തെ ഞ ങ്ങൾക്ക് നല്കുകയും ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് സന്മാർഗ്ഗത്തെ സജ്ജമാക്കിത്തരികയും ചെയ്യേണമേ. എന്റെ നാഥാ, എന്റെ ഹൃദയത്തെ എനിക്കു വിശാലമാക്കിത്തരികയും എന്റെ എല്ലാ കാര്യങ്ങളേയും എളുപ്പമാക്കിത്തരികയും ചെയ്യേ ണമേ.

## കോപം ഉണ്ടാകുമ്പോൾ

اَللّٰهُمَّ اغْفِرْ لِي ذَنْبِي وَأَذْهِبْ غَيْظَ قَلْبِي

وَأَجِرْنِي مِنَ الشَّيْطَانِ الرَّجِيْمِ

അല്ലാഹുവേ, എന്റെ പാപങ്ങളെ പൊറുത്തു തരികയും എന്റെ ഹൃദയത്തിലെ കോപത്തെ അകറ്റുകയും ശപിക്കപ്പെട്ട ശയ്ത്വാ നിൽനിന്നും എന്നെ ദൂരപ്പെടുത്തുകയും ചെയ്യേണമേ.

## വിവാഹാനന്തരം വധൂവരന്മാരെ അനുഗ്രഹിക്കുന്നതിന്

بَارَكَ اللهُ لَكَ . بَارَكَ اللهُ لَكَ وَبَارَكَ

عَلَيْكُمَا وَجَمَعَ بَيْنَكُمَا فِي الْخَيْرِ

അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ, അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ. അവന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഇരുവർക്കും നല്കുകയും ചെയ്യട്ടെ. നന്മയിൽ നിങ്ങൾ ഇരുവരേയും യോജിപ്പിക്കുകയും ചെയ്യട്ടെ. (അഹ്മദ്, തിർമിദി)

## വിവാഹാനന്തരം ആദ്യമായി വധുവിനെ സന്ദർശിക്കുമ്പോൾ

اَللّٰهُمَّ إِنِّي اَسْئَلُكَ مِنْ خَيْرِهَا وَخَيْرِ مَا جَبَلْتَهَا عَلَيْهِ

وَاَعُوْذُبِكَ مِنْ شَرِّهَا وَشَرِّمَا جَبَلْتَهَا عَلَيْهِ

അല്ലാഹുവേ, നിശ്ചയമായും ഇവളിൽനിന്നുള്ള നന്മയേയും ഇവളിൽനിന്നുള്ള സ്വഭാവങ്ങളുടെ നന്മയേയും ഞാൻ ചോദിക്കുന്നു. ഇവളിൽനിന്നുള്ള തിന്മയിൽനിന്നും, ഇവളിൽ നിന്നുള്ള സ്വഭാവങ്ങളുടെ തിന്മയിൽനിന്നും നിന്നോടു ഞാൻ അഭയം തേടുന്നു. (അബൂദാവൂദ്, ഇബ്നുമാജ)

## ശാരീരികബന്ധത്തിനു മുമ്പേ

بِسْمِ اللهِ اَللّٰهُمَّ جَنِّبْنَا الشَّيْطٰنَ وَجَنِّبِ الشَّيْطٰنَ مَا رَزَقْتَنَا

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ, ഞങ്ങളെ ശയ്ത്വാനിൽ നിന്നും അകറ്റേണമേ. നീ ഞങ്ങൾക്കു നല്കുന്ന സന്തതിയിൽനിന്ന് ശയ്ത്വാനെ അകറ്റുകയും ചെയ്യേണമേ.
(ബുഖാരി, മുസ്‌ലിം)

## വിജയം ലഭിക്കുമ്പോൾ

اَلْحَمْدُلِلّٰهِ الَّذِى بِنِعْمَتِهِ تَتِمُّ الصَّالِحَاتُ

സൽക്കർമ്മങ്ങൾ പൂർത്തീകരിക്കുന്നത് ഏതൊരുവന്റെ അനുഗ്രഹം കൊണ്ടാണോ ആ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. (ഇബ്നുമാജ)

## തോൽവി ഉണ്ടാകുമ്പോൾ

اَلْحَمْدُ لِلّٰهِ عَلَى كُلِّ حَالٍ

എല്ലാ അവസ്ഥകളിലും സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു. (ഇബ്നുമാജ)

## ദൈവീകസഹായത്തിന്

اَللّٰهُمَّ بِكَ اَحُوْلُ وَبِكَ اَصُوْلُ وَبِكَ اُقَاتِلُ

اَللّٰهُمَّ اَنْتَ عَضُدِىْ وَنَصِيْرِىْ

അല്ലാഹുവേ, നിന്റെ സഹായം കൊണ്ട് ഞാൻ ശത്രുവിനെ തടുക്കാൻ തന്ത്രം പ്രയോഗിക്കുന്നു. നിന്റെ സഹായംകൊണ്ട് ഞാൻ ശത്രുവിനെ ആക്രമിക്കുന്നു. നിനക്കുവേണ്ടി പൊരുതുകയും ചെയ്യുന്നു. അല്ലാഹുവേ, നീ എന്റെ കരുത്തും എന്റെ സഹായിയുമാണ്.

## മഴ പെയ്യുമ്പോൾ

اَللّٰهُمَّ اجْعَلْهُ سَبَبَ رَحْمَةٍ وَّلَا تَجْعَلْهُ سَبَبَ عَذَابٍ

അല്ലാഹുവേ, ഈ മഴയെ നിന്റെ കാരുണ്യത്തിന് കാരണമാക്കേണമേ. നിന്റെ ശിക്ഷയ്ക്ക് കാരണമാക്കരുതേ

## ഇടിമുഴക്കം കേൾക്കുമ്പോൾ

اَللّٰهُمَّ لاَ تَقْتُلْنَا بِغَضَبِكَ وَلاَ تُهْلِكْنَا بِعَذَابِكَ وَعَافِنَا قَبْلَ ذَالِكَ

അല്ലാഹുവേ, ഞങ്ങളെ നിന്റെ കോപത്താൽ വധിക്കരുതേ, നിന്റെ ശിക്ഷയെക്കൊണ്ട് ഞങ്ങളെ നശിപ്പിക്കുകയും ചെയ്യരുതേ, അതിനുമുമ്പേ ഞങ്ങൾക്കു സൗഖ്യം നൽകേണമേ. (അഹ്മദ്, തിർമിദി)

## കടബാധ്യതയിൽനിന്ന് രക്ഷയ്ക്ക്

اَللّٰهُمَّ اكْفِنِي بِحَلاَلِكَ عَنْ حَرَامِكَ وَاَغْنِنِيْ بِفَضْلِكَ عَمَّنْ سِوَاكَ

അല്ലാഹുവേ, നീ വിരോധിച്ചതിൽനിന്നും രക്ഷിച്ച് അനുവദിച്ചതുകൊണ്ട് എന്നെ തൃപ്തിപ്പെടുത്തേണമേ. മാത്രമല്ല നിന്റെ കാരുണ്യം കൊണ്ട് നിന്നെയല്ലാതെ മറ്റാരേയും ആശ്രയിക്കാൻ ഇടയാക്കരുതേ. (അബൂദാവൂദ്, തിർമിദി).

اَللّٰهُمَّ اِنِّيْ اَعُوذُبِكَ مِنَ الْمَأْثَمِ وَالْمَغْرَمِ

അല്ലാഹുവേ, കടബാധ്യതയിൽനിന്നും കുറ്റകൃത്യങ്ങളിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.

## കടം വീട്ടാനും മനോവിഷമം ദൂരീകരിക്കാനും

اَللّٰهُمَّ اِنِّيْ اَعُوذُبِكَ مِنَ الْهَمِّ وَالْحُزْنِ وَاَعُوذُبِكَ

مِنَ الْعَجْزِ وَالْكَسَلِ وَاَعُوذُبِكَ مِنَ الْجُبْنِ

والْبُخْلِ وَاَعُوذُبِكَ مِنْ غَلَبَةِ الدَّيْنِ وَقَهْرِ الرِّجَالِ

മനോവേദനയിൽനിന്നും ദു:ഖത്തിൽനിന്നും അല്ലാഹുവേ, ഞാൻ നിന്നോട് അഭയം തേടുന്നു. ബലഹീനതയിൽനിന്നും അലസതയിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. മാത്രമല്ല, ഭീരുത്വത്തിൽനിന്നും പിശുക്കിൽനിന്നും ഞാൻ നിന്നോടു അഭയം തേടുന്നു. കടം വർദ്ധിക്കുന്നതിൽനിന്നും ജനങ്ങളിൽനിന്നുമുള്ള ബലപ്രയോഗത്തിൽനിന്നും ഞാൻ നിന്നോട് അഭയം തേടുകയും ചെയ്യുന്നു.

## രാവിലേയും വൈകുന്നേരവും ഓതേണ്ടത്.

بِسْمِ اللهِ الَّذِىْ لاَيَضُرُّ مَعَ اسْمِهِ شَىْءٌ فِى

الْاَرْضِ وَلاَفِى السَّمَاءِ وَهُوَالسَّمِيْعُ الْعَلِيْمُ

അല്ലാഹുവിന്റെ നാമത്തോടുകൂടി ആകാശഭൂമിയിലുള്ള ഒരു വസ്തുവിനും ഉപദ്രവമുണ്ടാക്കാൻ കഴിയുന്നതല്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു.

*(രാവിലേയും വൈകുന്നേരവും മൂന്നു തവണ ഇതു ഒരുവൻ ചൊല്ലുന്നതായാൽ ഒരു വസ്തുവും അവനു നഷ്ടം വരുത്തുകയില്ല. ഒരുപദ്രവവും അവനു നേരിടുന്നതുമല്ല – ബുഖാരി )*

## സയ്യിദുൽ ഇസ്തിഗ്ഫാർ

اَللّٰهُمَّ اَنْتَ رَبِّى لاَاِلَاهَ اِلاَّ اَنْتَ خَلَقْتَنِى وَاَنَا عَبْدُكَ وَاَنَا عَلَى عَهْدِكَ

وَوَعْدِكَ مَااسْتَطَعْتُ اَعُوْذُبِكَ مِنْ شَرِّمَا صَنَعْتُ اَبُوءُ لَكَ

بِنِعْمَتِكَ عَلَيَّ وَاَبُوءُ بِذَنْبِى فَاغْفِرْلِى فَاِنَّهُ لاَ يَغْفِرُ الذُّنُوْبَ اِلاَّ اَنْتَ

*ഹസ്റത്ത് ബുറയ്ദ (റ)ൽ നിന്നും നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: ഒരാൾ രാവിലെയും വൈകുന്നേരവും ഈ ദുആ ചൊല്ലുകയും പിന്നീട് അയാൾ*

*രാവിലെയോ വൈകുന്നേരമോ മരണപ്പെടുകയും ചെയ്താൽ അയാൾ സ്വർഗ്ഗത്തിലായിരിക്കും.*

അല്ലാഹുവേ, നീ എന്റെ നാഥനാണ്. നീ അല്ലാതെ ഒരു ഇലാഹും ഇല്ല. എന്നെ നീ സൃഷ്ടിച്ചിരിക്കുന്നു. ഞാൻ നിന്റെ ദാസനുമാണ്. ഞാൻ നിന്നോട് ചെയ്തിട്ടുള്ള കരാറുകളും വാഗ്ദാനങ്ങളും പാലിക്കുന്നതിന് എന്നാലാവുന്നിടത്തോളം ഞാൻ ശ്രമിക്കുന്നതാണ്. ഞാൻ ചെയ്തതിന്റെ ദോഷഫലത്തിൽനിന്ന് നിന്നോട് രക്ഷ ചോദിക്കുന്നു. നീ എനിക്ക് ചെയ്ത അനുഗ്രഹങ്ങളെ ഏറ്റുപറയുകയും ചെയ്യുന്നു. എന്റെ തെറ്റുകുറ്റങ്ങളും കൊണ്ട് ഞാൻ പശ്ചാത്തപിച്ചു മടങ്ങുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതന്നാലും. നീയല്ലാതെ ആരുംതന്നെ തെറ്റുകുറ്റങ്ങളെ പൊറുക്കുന്നവനായിട്ടില്ല എന്നത് തീർച്ചയാണ്. (അബൂദാവൂദ്)

## ഖബർ സന്ദർശിക്കുമ്പോൾ

١. اَلسَّلاَمُ عَلَيْكُمْ اَهْلَ الدِّيَارِ مِنَ الْمُؤْمِنِيْنَ وَالْمُسْلِمِيْنَ وَاِنَّا اِنْ شَاءَ اللهُ بِكُمْ لاَحِقُوْنَ نَسْأَلُ اللهَ وَلَكُمُ الْعَافِيَةَ

٢. اَلسَّلاَمُ عَلَيْكُمْ يَا اَهْلَ الْقُبُوْرِ وَيَغْفِرُ اللهُ لَنَا وَلَكُمْ اَنْتُمْ سَلَفُنَا وَنَحْنُ بِالْاَثَرِ

മുഅ്മിനും മുസ്ലിമുമായ ഈ വീട്ടുകാരേ! അല്ലാഹുവിന്റെ രക്ഷ നിങ്ങളിലുണ്ടാകട്ടെ. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ഞ

ങ്ങളും നിങ്ങളോടുകൂടി വന്നുചേരുന്നതുമാണ്. നിങ്ങൾക്കും ഞങ്ങൾക്കും സൗഖ്യം നൽകുന്നതിനു അല്ലാഹുവിനോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. (മുസ്‌ലിം)

ഖബ്ർ നിവാസികളേ, നിങ്ങളിൽ അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ! ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹു പൊറുത്തുതരട്ടെ, ഞങ്ങളുടെ മുമ്പേ പോയ നിങ്ങളുടെ പിന്നാലെ ഞങ്ങളും വരുന്നതാണ്.

## ഖുനൂത്തിൻെറ ദുആ – 1

اَللّٰهُمَّ اهْدِنِىْ فِيْمَنْ هَدَيْتَ وَعَافِنِىْ فِيْمَنْ عَافَيْتَ وَتَوَلَّنِى فِيْمَنْ تَوَلَّيْتَ وَبَارِكْ لِىْ فِى مَا اَعْطَيْتَ وَقِنِى شَرَّمَا قَضَيْتَ فَاِنَّكَ تَقْضِى وَلَا يُقْضٰى عَلَيْكَ فَاِنَّهُ لَا يَذِلُّ مَنْ وَالَيْتَ وَاِنَّهُ لَا يَعِزُّ مَنْ عَادَيْتَ تَبَارَكْتَ رَبَّنَا وَتَعَالَيْتَ وَصَلَّى اللّٰهُ عَلٰى خَيْرِ خَلْقِهِ مُحَمَّدٍ وَعَلٰى ءَالِهِ وَاَصْحَابِهِ اَجْمَعِيْنَ

അല്ലാഹുവേ, നീ സന്മാർഗത്തിലാക്കിയവരോടൊപ്പം എന്നെ സന്മാർഗത്തിലാക്കേണമേ. നീ സൗഖ്യം നല്കിയവരോടൊപ്പം എനിക്കും സൗഖ്യം നല്കേണമേ. നീ സുഹൃത്താക്കിയവരോടൊപ്പം എന്നെയും സുഹൃത്താക്കേണമേ. എനിക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയേണമേ. നീ വിധിച്ച ഉപദ്രവത്തിൽനിന്ന് എന്നെ കാത്തു രക്ഷിക്കേണമേ. നീ വിധിക്കുന്നു, നിനക്കെതിരെ വിധിക്കപ്പെടുന്നില്ല. നീ ആരോട് മൈത്രിബന്ധം സ്ഥാപിച്ചുവോ അവർ എളിമയിലാവുകയില്ല. നീ ശത്രുത പുലർത്തിയവൻ മാന്യനാവുകയുമില്ല. ഞങ്ങളുടെ നാഥാ, നീ അനുഗ്രഹദാതാവാണ്. നീ അത്യുന്നതനാണ്.

സൃഷ്ടികുലോത്തമനായ മുഹമ്മദ് (സ)ലും ആ മഹാത്മാവിന്റെ കുടുംബാദികളിലും അനുചരന്മാരിലും എല്ലാ വിശ്വാസികളിലും അല്ലാഹുവിന്റെ കാരുണ്യമുണ്ടാകട്ടെ. (തിർമിദി, നസായി)

## ഖുനൂത്തിന്റെ ദുആ - 2

اَللّٰهُمَّ اِنَّا نَسْتَعِيْنُكَ وَنَسْتَغْفِرُكَ وَنُؤْمِنُ بِكَ وَنَتَوَكَّلُ عَلَيْكَ

وَنُثْنِي عَلَيْكَ الْخَيْرَ وَنَشْكُرُكَ وَلَا نَكْفُرُكَ وَنَخْلَعُ وَنَتْرُكُ مَنْ

يَّفْجُرُكَ اَللّٰهُمَّ اِيَّاكَ نَعْبُدُ وَلَكَ نُصَلِّي وَنَسْجُدُ وَاِلَيْكَ

نَسْعٰى وَنَحْفِدُ وَنَرْجُوْا رَحْمَتَكَ وَنَخْشٰى عَذَابَكَ

اِنَّ عَذَابَكَ بِالْكُفَّارِ مُلْحِقٌ

അല്ലാഹുവേ, നിന്നോട് ഞങ്ങൾ സഹായമഭ്യർത്ഥിക്കുകയും, പൊറുക്കലിനെ തേടുകയും, നിന്നിൽ വിശ്വസിക്കുകയും നിന്നെ ആശ്രയിക്കുകയും, നിന്റെ നന്മകളെ പ്രകീർത്തിക്കുകയും, നിനക്ക് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുന്നു. നിന്നോട് ഞങ്ങൾ നന്ദികേട് കാണിക്കുന്നില്ല. നിന്നെ അനുസരിക്കാത്തവരിൽനിന്ന് ഞങ്ങൾ വിട്ടുനിൽക്കുകയും, അവരെ ഞങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നു. അല്ലാഹുവേ, നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും, നിനക്ക് മാത്രം നമസ്കരിക്കുകയും, നിന്നെ പരിപൂർണ്ണമായി അനുസരിക്കുകയും, നിന്റെ അടുത്തേക്ക് ഓടിവരികയും, അതിൽ തിടുക്കം കാണിക്കുകയും, നിന്റെ കാരുണ്യം കാംക്ഷിക്കുകയും നിന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. തീർച്ചയായും നിന്റെ ശിക്ഷ അവിശ്വാസികളോട് ബന്ധിപ്പിക്കുന്നതാണ്. (ബയ്ഹഖി)

## ജനാസ നമസ്കാരത്തിൽ

اَللّٰهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيْرِنَا وَكَبِيْرِنَا

وَذَكَرِنَا وَاُنْثَانَا اَللّٰهُمَّ مَنْ اَحْيَيْتَهُ مِنَّافَاَحْيِهِ عَلَى الْاِسْلَامِ وَمَنْ

تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الْاِيْمَانِ اَللّٰهُمَّ لَا تَحْرِمْنَا اَجْرَهُ وَلَا تَفْتِنَّا بَعْدَهُ

അല്ലാഹുവേ, ഞങ്ങളിൽ ജീവിച്ചിരിപ്പുള്ളവർക്കും ഞങ്ങളിൽ നിന്ന് മരിച്ചുപോയവർക്കും ഞങ്ങളിൽ ഹാജരുള്ളവർക്കും ഹാജരില്ലാത്തവർക്കും ഞങ്ങളിൽ ചെറിയവർക്കും വലിയവർക്കും ഞങ്ങളിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും പാപമോചനം നല്കേണമേ. ഞങ്ങളിൽ ജീവിപ്പിച്ചിരുത്തുന്നവരെ നീ ഇസ്ലാമിൽതന്നെ നിലനിർത്തേണമേ. ഞങ്ങളിൽനിന്ന് മരിപ്പിക്കുന്നവരെ ഈമാനോടുകൂടി മരിപ്പിക്കേണമേ. അല്ലാഹുവേ, ഇതിന്റെ പുണ്യം ഞങ്ങൾക്ക് തടയരുതേ. ഒരിക്കലും നീ ഞങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തരുതേ. (ഇബ്നുമാജ:)

اَللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَعَافِهِ وَعْفُ عَنْهُ وَاَكْرِمْ نُزْلَهُ وَوَسِّعْ

مَدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرْدِ وَنَقِّهِ مِنَ الْخَطَايَا كَمَا

نَقَّيْتَ الثَّوْبَ الْاَبْيَضَ مِنَ الدَّنَسِ وَاَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ

وَاَهْلاً خَيْرًا مِنْ اَهْلِهِ وَزَوْجًا خَيْرًا مِّنْ زَوْجِهِ وَاَدْخِلْهُ الْجَنَّةَ

وَاَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ

അല്ലാഹുവേ, മരിച്ച ഈ ആൾക്ക് നീ പൊറുത്തുകൊടുക്കേണമേ. അയാൾക്ക് കരുണ ചെയ്യേണമേ. അയാൾക്ക് സൗഖ്യം നല്കേണമേ. അയാൾക്ക് മാപ്പു നല്കേണമേ. അയാളുടെ ആതിഥ്യം മാന്യമാക്കേണമേ. അയാളുടെ പ്രവേശനസ്ഥലം വിശാലമാക്കേണമേ. അയാളെ വെള്ളംകൊണ്ടും ഹിമംകൊണ്ടും ആലിപ്പഴംകൊണ്ടും കുളിപ്പിക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽനിന്നു ശുദ്ധീകരിച്ചതുപോലെ അയാളെ പാപങ്ങളിൽ നിന്ന് നീ ശുദ്ധീകരിക്കേണമേ. അയാളുടെ ഭവനത്തെക്കാൾ ഉത്തമമായ ഒരു ഭവനവും അയാളുടെ കുടുംബത്തെക്കാൾ ഉത്തമമായ ഒരു കുടുംബവും അയാളുടെ ജീവിതസഖിയെക്കാൾ ഉത്തമമായ ഒരു ജീവിതസഖിയേയും അയാൾക്ക് നല്കേണമേ. അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബ്റിലെ ശിക്ഷയിൽനിന്നും നരകശിക്ഷയിൽനിന്നും അയാളെ രക്ഷിക്കേണമേ.

## കുട്ടികൾക്കുള്ള ജനാസ നമസ്കാരത്തിൽ

اَللّٰهُمَّ اجْعَلْهُ لَنَا سَلَفًا وَّفُرُطًا وَّاجْعَلْهُ لَنَا اَجْرًا

وَّذُخْرًا وَّاجْعَلْهُ لَنَا شَافِعًا وَّمُشَفَّعًا

അല്ലാഹുവേ., ഈ കുട്ടിയെ നീ ഞങ്ങൾക്ക് ഒരു മുന്നൊരുക്കക്കാരനാക്കേണമേ. അവനെ ഞങ്ങൾക്ക് പ്രതിഫലത്തിന് കാരണമാക്കേണമേ. അവനെ ഞങ്ങൾക്ക് ഒരു ശിപാർശകനും ശിപാർശ സ്വീകരിക്കപ്പെടുന്നവനും ആക്കേണമേ. (ബുഖാരി)

## ആവശ്യങ്ങൾ നിറവേറുന്നതിന്

اَسْئَلُكَ مُوجِبَاتِ رَحْمَتِكَ وَعَزَائِمَ مَغْفِرَتِكَ وَالْغَنِيْمَةَ مِنْ كُلِّ

بِرٍّ وَالسَّلَامَةَ مِنْ كُلِّ اِثْمٍ لَا تَدَعْ لِيْ ذَنْبًا اِلَّا غَفَرْتَهُ وَلَا هَمًّا اِلَّا

فَرَّجْتَهُ وَلَا حَاجَةً هِيَ لَكَ رِضًا اِلَّا قَضَيْتَهَا يَا اَرْحَمَ الرَّاحِمِيْنَ

കാരുണ്യവാന്മാരിൽ ഏറ്റവും കാരുണ്യവാനായ അല്ലാഹുവേ, നിന്റെ കാരുണ്യത്തിന് കാരണമായിത്തീരുന്ന കർമ്മങ്ങൾ ചെയ്യാനുള്ള സൗഭാഗ്യത്തിനായി ഞാൻ നിന്നോട് യാചിക്കുന്നു. നീ പൊറുത്തുതരുന്നതിന് ബാധ്യതപ്പെട്ട കാര്യങ്ങളും എല്ലാവിധ നന്മകളാലുള്ള നേട്ടവും എല്ലാവിധ തെറ്റുകുറ്റങ്ങളിൽനിന്നുള്ള രക്ഷയും ഞാൻ നിന്നോടു ചോദിക്കുന്നു. ഒരു പാപവും നീ എനിക്ക് പൊറുത്തു തരാതെ വിട്ടുകളയരുതേ. ഒരു ദു:ഖവും എന്നിൽനിന്ന് നീ അകറ്റാതിരിക്കരുതേ. നിനക്ക് തൃപ്തിയുള്ള എന്റെ ഒരാവശ്യവും നീ നിറവേറ്റാതെ വിട്ടുകളയരുതേ. (തിർമിദി)

## ‘ഇസ്തിഖാറ’ ദുആ

اَللّٰهُمَّ اِنِّىْ اَسْتَخِيْرُكَ بِعِلْمِكَ وَاسْتَقْدِرُكَ بِقُدْرَتِكَ

وَاسْئَلُكَ مِنْ فَضْلِكَ الْعَظِيْمِ . فَاِنَّكَ تَقْدِرُ وَلَا اَقْدِرُ وَتَعْلَمُ

وَلَا اَعْلَمُ وَاَنْتَ عَلاَّمُ الْغُيُوْبِ . اَللّٰهُمَّ اِنْ كُنْتَ تَعْلَمُ اَنَّ هٰذَا

الْاَمْرَ خَيْرٌ لِّيْ فِي دِيْنِي وَمعَاشِي وَعَاقِبَةِ اَمْرِى فَاقْدِرْهُ لِي وَيَسِّرْهُ

لِي ثُمَّ بَارِكْ لِي فِيْهِ . وَاِنْ كُنْتَ تَعْلَمُ اَنَّ هٰذَا الْاَمْرَ شَرٌّ لِّي فِي

دِيْنِي وَمَعَاشِي وَعَاقِبَةِ اَمْرِى فَاَصْرِفْهُ عَنِّي وَاَصْرِفْنِي عَنْهُ

وَاقْدِرْ لِيَ الْخَيْرَ حَيْثُ كَانَ ثُمَّ اَرْضِنِي بِهِ

അല്ലാഹുവേ, നിന്റെ അറിവിനെ മുൻനിറുത്തി ഞാൻ നിന്നോടു നന്മ ആവശ്യപ്പെടുന്നു. നിന്റെ കഴിവിനെ മുൻനിറുത്തി ഞാൻ നിന്നോട് കഴിവ് ആവശ്യപ്പെടുന്നു. നിന്റെ മഹത്തായ അ

നുഗ്രഹം ഞാൻ യാചിക്കുന്നു. നിശ്ചയമായും നീ കഴിവുള്ളവനും ഞാൻ കഴിവില്ലാത്തവനുമാകുന്നു. നീ അറിയുന്നു, ഞാൻ അറിയുന്നില്ല. നീ എല്ലാ പരോക്ഷകാര്യങ്ങളും അറിയുന്നവനത്രെ. അല്ലാഹുവേ, ഈ കാര്യം എന്റെ ദീനിലും എന്റെ ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും എനിക്ക് ഗുണകരമാണെന്ന് നീ കാണുന്നുവെങ്കിൽ നീ അത് എനിക്ക് നിർണയിക്കുകയും അക്കാര്യം എളുപ്പമാക്കിത്തരികയും പിന്നെ അതിൽ അനുഗ്രഹം നല്കുകയും ചെയ്യേണമേ. ഈ കാര്യം എന്റെ ദീനിലും ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും ദോഷകരമാണെന്ന് നീ കാണുന്നുവെങ്കിൽ എന്നിൽനിന്ന് അതിനേയും അതിൽനിന്ന് എന്നേയും അകറ്റേണമേ. ഗുണം എവിടെയുണ്ടോ അതെനിക്ക് അധീനമാക്കിത്തരികയും അതിൽ എന്നെ സംതൃപ്തനാക്കുകയും ചെയ്യേണമേ. (തിർമിദി)

## നമസ്കാരത്തിനു ശേഷമുള്ള ദുആകൾ

اَللّٰهُمَّ اَنْتَ السَّلاَمُ وَمِنْكَ السَّلاَمُ تَبَارَكْتَ يَاذَاالْجَلاَلِ وَالْاِكْرَامِ

അല്ലാഹുവേ, നീ രക്ഷാസങ്കേതമാകുന്നു. നിന്റെ സങ്കേതത്തിൽ മാത്രമാണ് സമാധാനം. പ്രതാപശാലിയും, ഔദാര്യശീലനുമായ അല്ലാഹുവേ! നീ അനുഗ്രഹപൂർണ്ണനാകുന്നു. (മുസ്‌ലിം, തിർമിദി, അബൂദാവൂദ്, നസായി)

اَسْتَغْفِرُاللهَ رَبِّي مِنْ كُلِّ ذَنْبٍ وَّاَتُوْبُ اِلَيْهِ

എന്റെ രക്ഷിതാവായ അല്ലാഹുവിനോട് ഞാൻ പാപപൊറുക്കലിനെ തേടുന്നു. എല്ലാ പാപങ്ങളിൽ നിന്നും അവനിലേക്ക് മടങ്ങുകയും ചെയ്യുന്നു.

رَبِّ اِنِّيْ ظَلَمْتُ نَفْسِي وَاعْتَرَفْتُ بِذَنْبِي

فَاغْفِرْلِي ذُنُوْبِي فَاِنَّهُ لاَ يَغْفِرُالذُّنُوْبَ اِلاَّ اَنْتَ

എന്റെ നാഥാ, ഞാൻ എന്റെ ആത്മാവിനോട് അക്രമം ചെയ്തുപോയി. എന്റെ കുറ്റം ഞാൻ മനസ്സിലാക്കുകയും ചെയ്തു. അതിനാൽ എന്റെ പാപങ്ങൾ നീ എനിക്കു പൊറുത്തുതരേണമേ. നീയല്ലാതെ മറ്റാരുംതന്നെ പാപങ്ങൾ പൊറുക്കുകയില്ലെന്നത് തീർച്ചയാണ്.

لاَ اِلاَهَ اِلاَّاللهُ وَحْدَهُ لاَشَرِيكَ لَهُ لَهُ الْمُلْكُ

وَلَهُ الْحَمْدُ وَهُوَ عَلىَ كُلِّ شَيْءٍ قَدِيرٌ.

ആരാധനയ്ക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനാകുന്നു. അവന് ഒരു പങ്കുകാരനുമില്ല. രാജാധികാരവും, സകലസ്തുതിയും അവന്നാകുന്നു. അവൻ ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു. (അബൂദാവൂദ്)

## സലാം വീട്ടിയതിനുശേഷം

اَللّٰهُمَّ لاَ مَانِعَ لِمَا اَعْطَيْتَ ، وَلاَ مُعْطِيَ لِمَا مَنَعْتَ وَلاَ يَنْفَعُ ذَاالْجَدِّ مِنْكَ الْجَدُّ .

അല്ലാഹുവേ, നീ നല്കിയതിനെ തടയുന്നവനാരുമില്ല. നീ തടയുന്നതിനെ തരാനും ആർക്കും സാധ്യമല്ല. ഒരു മഹത്ത്വവാന്റേയും മഹത്ത്വം നിനക്കെതിരിൽ ഒരു ഫലവും പ്രദാനം ചെയ്യുകയുമില്ല. (ബുഖാരി)

## തൽബിയത്ത്

لَبَّيْكَ اَللّٰهُمَّ لَبَّيْكَ لَبَّيْكَ لاَ شَرِيْكَ لَكَ لَبَّيْكَ اِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيْكَ لَكَ

ഞാനിതാ ഹാജരായിരിക്കുന്നു. അല്ലാഹുവേ, ഞാനിതാ ഹാജരായിരിക്കുന്നു. നിനക്ക് പങ്കാളികളാരുമില്ല. ഞാനിതാ ഹാജരായിരിക്കുന്നു. സർവ്വസ്തുതിയും അനുഗ്രഹവും രാജത്വവുമെല്ലാം നിനക്കുള്ളതാണ്. നിനക്ക് പങ്കാളികളാരുമില്ല.

# മഹ്ദീമസീഹിന്റെ പ്രാർത്ഥനകൾ

## തസ്ബീഹ്, തഹ്മീദ്, സ്വലാത്ത്

سُبْحَانَ اللهِ وَبِحَمْدِهِ سُبْحَانَ اللهِ الْعَظِيْمِ.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَآلِ مُحَمَّدٍ - تذكره ص ٣٩

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹോന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ, മുഹമ്മദ് (സ) തിരുമേനിയുടേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയും മേൽ നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ.

## പാപമോചനത്തിന്

رَبَّنَا اغْفِرْلَنَا ذُنُوبَنَا اِنَّا كُنَّا خَاطِئِيْنَ -تذكره ص ٦٣٩

ഞങ്ങളുടെ നാഥാ, ഞങ്ങൾ തെറ്റിലായിരുന്നു. ഞങ്ങൾക്കു മാപ്പു തന്നാലും. (തദ്കിറ:)

## പരിശുദ്ധിയാർജിക്കാൻ

رَبِّ اَذْهِبْ عَنِّي الرِّجْسَ وَطَهِّرْنِي - تذكره ص: ٦٩

എന്റെ നാഥാ, അശുദ്ധി എന്നിൽനിന്നും അകറ്റിയാലും. എങ്ങനെയുള്ള പരിശുദ്ധിയാണോ നീ ഉദ്ദേശിക്കുന്നത് ആ രീതിയിൽ എന്നെ പരിശുദ്ധനാക്കിയാലും. (തദ്കിറ)

## പൊറുക്കലിനെ തേടൽ

رَبَّنَا ٱغْفِرْلَنَا ذُنُوبَنَا وَٱدْفَعْ بَلَايَانَا وَكُرُوْبَنَا وَنَجِّ مِنْ كُلِّ هَمٍّ قُلُوْبَنَا

وَكَفِّلْ خُطُوْبَنَا وَكُنْ مَعَنَا حَيْثُمَا كُنَّا يَا مَحْبُوْبَنَا وَاسْتُرْ عَوْرَاتِنَا

وَاٰمِنْ رَوْعَاتِنَا اِنَّا تَوَكَّلْنَا عَلَيْكَ وَفَوَّضْنَا الْاَمْرَ اِلَيْكَ اَنْتَ مَوْلَانَا

فِى الدُّنْيَا وَالْاٰخِرَةِ وَاَنْتَ اَرْحَمُ الرَّاحِمِيْنَ . اٰمِيْنْ يَا رَبَّ الْعٰـلَمِيْنَ

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളെ നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ, ഞങ്ങൾക്ക് വന്നുപെട്ടേക്കാവുന്ന വിപത്തുകളേയും ബുദ്ധിമുട്ടുകളേയും നീ തടയേണമേ. സർവ്വവിധ അല്ലലുകളിൽനിന്നും ഞങ്ങളുടെ ഹൃദയങ്ങൾക്ക് നീ മോചനം നല്കേണമേ. ഞങ്ങൾ നിർവ്വഹിക്കേണ്ട പ്രധാന കാര്യങ്ങൾക്ക് നീ ജാമ്യക്കാരനാകേണമേ. ഞങ്ങൾ എവിടെയാണോ അവിടെ നീ ഞങ്ങളോടൊപ്പമുണ്ടായിരിക്കേണമേ. ഞങ്ങളുടെ പ്രേമഭാജനമായവനേ, ഞങ്ങളുടെ ന്യൂനതകളെ നീ മറയ്ക്കുകയും ഞങ്ങളുടെ ഭയത്തിൽനിന്ന് നീ ഞങ്ങൾക്ക് നിർഭയം നല്കുകയും ചെയ്യേണമേ. നിന്റെയടുക്കൽ ഞങ്ങൾ ഭരമേൽപ്പിക്കുകയും സർവ്വകാര്യങ്ങളും സമർപ്പിക്കുകയും ചെയ്യുന്നു. ഇഹത്തിലും പരത്തിലും നീ ഞങ്ങളുടെ രക്ഷകനാണ്. കാരുണ്യവാന്മാരിൽ ഏറ്റവും നല്ല കാരുണ്യവാൻ നീ തന്നെയാണ്. സർവ്വലോകപരിപാലകാ, നീ ഞങ്ങളുടെ പ്രാർത്ഥന

## കാരുണ്യം ലഭ്യമാകുവാൻ

رَبِّ ٱغْفِرْ وَٱرْحَمْ مِنَ السَّمَاءِ -تذكره : ص ٤٧

എന്റെ നാഥാ, പൊറുത്തുതന്നാലും. ആകാശത്തു നിന്ന് കരുണ ചൊരിഞ്ഞാലും. (തദ്കിറ:)

## മരണഭയത്തിൽനിന്ന് അഭയം

رَبِّ لَا تُرِنِي زَلْزَلَةَ السَّاعَةِ . رَبِّ لَا تُرِنِي مَوْتَ اَحَدٍ مِّنْهُمْ

എന്റെ നാഥാ, ഖിയാമത്തിന്റെ ഭൂകമ്പം നീ എന്നെ കാണിക്കരുതേ. എന്റെ നാഥാ, അവരിൽ ആരുടേയും മരണം നീ എന്നെ കാണിക്കരുതേ. (തദ്കിറ: പേജ് 593)

## ദൈവസഹായം ലഭിക്കുവാൻ

رَبِّ اِنِّي مَغْلُوبٌ فَانْتَصِرْ - تذكره ص ٧١٤

എന്റെ നാഥാ, ഞാൻ (ലോകരുടെ ദൃഷ്ടിയിൽ) പരാജിതനാണ്. നീ എന്നെ സാഹയിച്ചാലും. (തദ്കിറ:).

## പീഡനത്തിൽ നിന്ന് രക്ഷനേടാൻ

رَبِّ اِنِّي مَظْلُومٌ فَانْتَصِرْ -تذكره: ص ٤٨٣

എന്റെ നാഥാ, ഞാൻ പീഡിതനാണ്. നീ എന്നെ സഹായിച്ചാലും. (തദ്കിറ:)

## പരാജയത്തിൽ നിന്ന് സഹായം

رَبِّ اِنِّي مَغْلُوبٌ فَانْتَصِرْ فَسَحِّقْهُمْ تَسْحِيْقًا - تذكره ص ٦٥٥

എന്റെ നാഥാ, ഞാൻ – ലോകദൃഷ്ടിയിൽ പരാജിതനാണ്. നീ എന്നെ സഹായിച്ചാലും. അവരെ – ശത്രുക്കളെ തുണ്ടം തുണ്ടമാക്കിയാലും. (തദ്കിറ:)

## ശത്രുക്കളിൽനിന്നുള്ള സംരക്ഷണത്തിന്

رَبِّ كُلُّ شَيْءٍ خَادِمُكَ رَبِّ فَاحْفَظْنِي وَانْصُرْنِي وَارْحَمْنِي

എന്റെ നാഥാ, എല്ലാ വസ്തുക്കളും നിന്റെ സേവകരാണ്. എന്റെ നാഥാ, എന്നെ സംരക്ഷിച്ചാലും, എന്നെ സഹായിച്ചാലും, എന്നിൽ കരുണ ചൊരിഞ്ഞാലും. (തദ്കിറ പേജ് 458)

## മർദ്ദനം മൂർഛിക്കുമ്പോൾ

يَارَبِّ فَاسْمَعْ دُعَائِي وَمَزِّقْ أَعْدَائَكَ وَأَعْدَائِي وَأَنْجِزْ وَعْدَكَ

وَانْصُرْ عَبْدَكَ وَأَرِنَا أَيَّامَكَ وَشَهِّرْلَنَا حُسَامَكَ وَلَاتَذَرْ مِنَ

الْكَافِرِيْنَ شَرِيْرًا -تذكره: ص ٥١٢

എന്റെ നാഥാ, നീ എന്റെ ദുആ കേൾക്കേണമേ. എന്റെയും നിന്റെയും ശത്രുക്കളായിട്ടുള്ളവരെ നീ തുണ്ടം തുണ്ടമാക്കേണമേ. നിന്റെ വാഗ്ദാനം വേഗത്തിൽ പൂർത്തിയാക്കുകയും നിന്റെ ദാസനെ തുണക്കുകയും നിന്റെ (വിജയത്തിന്റെ) നാളുകൾ നീ ഞങ്ങൾക്ക് കാട്ടിത്തരികയും ഞങ്ങൾക്കുവേണ്ടി നിന്റെ വാൾ ഊരിപ്പിടിക്കുകയും ചെയ്യേണമേ. ഈ സത്യനിഷേധികളിൽനിന്നുള്ള ഒരു ദ്രോഹിയേയും നീ ശിക്ഷിക്കാതെ വിട്ടുകളയരുതേ.

## ആയുസ്സ് പാഴാകാതിരിക്കാൻ

رَبِّ لَا تُضَيِّعْ عُمْرِي وَعُمْرَهَا وَاحْفَظْنِي مِنْ كُلِّ آفَةٍ تُرْسَلُ إِلَيَّ

എന്റെ നാഥാ, എന്റെയും എന്റെ ഭാര്യയുടേയും ആയുസ്സിനെ നഷ്ടപ്പെടുത്തരുതേ. എന്നിലേക്ക് അയച്ചിരിക്കുന്ന എല്ലാ ആപത്തുകളിൽനിന്നും നീ എന്നെ സംരക്ഷിക്കേണമേ.
(തദ്കിറ: പേജ് 603)

## സത്യാസത്യവിവേചനത്തിന്

رَبِّ فَرِّقْ بَيْنَ صَادِقٍ وَكَاذِبٍ اَنْتَ تَرٰى كُلَّ مُصْلِحٍ وَصَادِقٍ

എന്റെ നാഥാ, സത്യവാനേയും അസത്യവാനേയും നീ വേർതിരിച്ചു കാണിച്ചാലും. സത്യവാനും അസത്യവാനുമാരാണെന്ന് നീ നല്ലവണ്ണം അറിയുന്നു. (തദ്കിറ:; പേജ് 613)

## വിധി കല്പിക്കുന്നതിൽ

رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِاالْحَقِّ وَاَنْتَ خَيْرُالْفَاتِحِيْنَ

ഞങ്ങളുടെ നാഥാ, ഞങ്ങളുടേയും ഞങ്ങളുടെ ജനതയുടേയും ഇടയിൽ സത്യംകൊണ്ട് നീ വിധി കൽപിച്ചാലും. നീ വിധി കർത്താക്കളിൽ ഉത്തമനാണ്. (തദ്കിറ: പേജ് 47)

## അനുഗ്രഹലബ്ധിക്ക്

رَبِّ اجْعَلْنِيْ مُبَارَكًا حَيْثُ مَاكُنْتُ -تذکرہ:ص١٠٩

എന്റെ നാഥാ, ഞാൻ എവിടെയായിരുന്നാലും നീ എന്നെ അനുഗൃഹീതനാക്കേണമേ. (തദ്കിറ:)

## സ്ഥലമാറ്റത്തിന്റെ അവസരത്തിൽ

رَبِّ اَدْخِلْنِي مُدْخَلَ صِدْقٍ . -تذکرہ:ص٤٦

എന്റെ നാഥാ, ബാഹ്യവും ആന്തരവുമായ നല്ല പ്രവേശന മാർഗ്ഗത്തിലൂടെ നീ എന്നെ പ്രവേശിപ്പിക്കേണമേ. (തദ്കിറ:)

## കാരുണ്യം ലഭിക്കാൻ

يَاحَيُّ يَا قَيُّوْمُ بِرَحْمَتِكَ اَسْتَغِيْثُ اِنَّ رَبِّي رَبُّ السَّمٰوٰتِ وَالْاَرْضِ

യാ ഹയ്യു, യാ ഖയ്യൂം നിന്റെ കാരുണ്യം കൊണ്ട് എന്നെ സഹായിച്ചാലും. നിശ്ചയമായും എന്റെ നാഥൻ ആകാശങ്ങളുടേയും ഭൂമിയുടേയും റബ്ബാകുന്നു. (തദ്കിറ: പേജ് 343)

## ദു:ഖത്തിൽനിന്നുള്ള മോചനത്തിന്

رَبِّ نَجِّنِى مِنْ غَمِّى . -تذكره :ص ١٠٥

എന്റെ നാഥാ, എന്റെ ദു:ഖത്തിൽ നിന്ന് എനിക്ക് മോചനം നൽകിയാലും. (തദ്കിറ:)

## രോഗശമനത്തിന്

بِسْمِ اللهِ الْكَافِى- بِسْمِ اللهِ الشَّافِى- بِسْمِ اللهِ الْغَفُوْرِ الرَّحِيْمِ-

بِسْمِ اللهِ الْبَرِّ الْكَرِيْمِ- يَا حَفِيْظُ يَا عَزِيْزُ يَا رَفِيْقُ يَا وَلِيُّ اِشْفِنِى .

അല്ലാഹുവിന്റെ നാമത്താൽ ഞാൻ സഹായം തേടുന്നു. അവൻ മതിയായവനാണ്. അല്ലാഹുവിന്റെ നാമത്താൽ ഞാൻ സഹായം തേടുന്നു. അവൻ ശിഫാ നൽകുന്നവനാണ്. അല്ലാഹുവിന്റെ നാമത്താൽ ഞാൻ സഹായം തേടുന്നു. അവൻ ഗഫൂറാണ്, റഹീമാണ്, അല്ലാഹുവിന്റെ നാമത്താൽ ഞാൻ സഹായം തേടുന്നു. അവൻ സഹായോപകാരം ചെയ്യുന്ന ആദരണീയനാണ്. അല്ലയോ സംരക്ഷകാ, അല്ലയോ പ്രതാപവാനേ, അല്ലയോ കൂട്ടുകാരാ, അല്ലയോ സ്നേഹിതാ! എനിക്ക് ശിഫാ നൽകിയാലും. (തദ്കിറ: പേ:524)

## കരുണ ലഭിക്കാൻ

اِشْفِنِى مِنْ لَّدُنْكَ وَارْحَمْنِى . -تذكره: ص٦٠٣

എന്റെ അല്ലാഹുവേ, നിന്നിൽനിന്ന് എനിക്ക് ശിഫാ നൽകിയാലും. കരുണ ചൊരിഞ്ഞാലും. (തദ്കിറ:)

## രോഗശാന്തിക്ക്

رَبِّ اِشْفِ زَوْجَتِى هٰـذِهِ وَجْعَلْ لَّهَا بَرَكَاتٍ فِى السَّمَاءِ

وَبَرَكَاتٍ فِى الْاَرْضِ. -تذكره: ص٥٩٠

എന്റെ നാഥാ, എന്റെ ഭാര്യക്ക് രോഗശാന്തി നൽകിയാലും. ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾ നൽകിയാലും. (തദ്കിറ:)

## ജമാഅത്തിനുവേണ്ടി

اَللّٰهُمَّ اِنْ اَهْلَكْتَ هٰـذِهِ الْعِصَابَةَ فَلَنْ تُعْبَدَ فِى الْاَرْضِ اَبَدًا

അല്ലാഹുവേ, നീ ഈ ജമാഅത്തിനെ നശിപ്പിച്ചാൽ പിന്നെ നിന്നെ ആരാധിക്കുവാൻ ഭൂമിയിൽ ആരും ഉണ്ടാവുകയില്ല. (തദ്കിറ: പേജ് 445)

## മുസ്‌ലിം ഉമ്മത്തിനുവേണ്ടി

رَبِّ اَصْلِحْ اُمَّةَ مُحَمَّدٍ -تذكره: ص٤٧

എന്റെ നാഥാ, മുഹമ്മദിയ്യ ഉമ്മത്തിനെ നേരായ പാതയിലാക്കിയാലും. (പരിഷ്ക്കരിച്ചാലും) (തദ്കിറ:)

## അറിവ് വർദ്ധിക്കാൻ

رَبِّ زِدْنِي عِلْمًا . -تذكره : ص٣٨٩

എന്റെ നാഥാ, എനിക്ക് അറിവ് വർദ്ധിപ്പിച്ചു തന്നാലും. (തദ്കിറ)

## ഉത്തമമായ കാര്യത്തിനുവേണ്ടി

رَبِّ عَلِّمْنِي مَا هُوَ خَيْرٌ عِنْدَكَ -تذكره :ص٦٥٣

എന്റെ നാഥാ, നിന്റെ പക്കൽ ഉത്തമമായിട്ടുള്ളത് നീ എന്നെ പഠിപ്പിച്ചു തന്നാലും. (തദ്കിറ:)

## യാഥാർത്ഥ്യങ്ങൾ അറിയാൻ

رَبِّ اَرِنِيْ حَقَايِقَ الْاَشْيَآءِ - تذكره : ص٧٣١

എന്റെ റബ്ബേ, എനിക്ക് വസ്തുക്കളുടെ യാഥാർത്ഥ്യങ്ങൾ കാണിച്ചു തന്നാലും. (തദ്കിറ:)

## പ്രകാശത്തിനുവേണ്ടി

رَبِّ اَرِنِيْ اَنْوَارَكَ الْكُلِّيَّةَ -تذكره : ص٦١٦

എൻെറ രക്ഷിതാവേ, സകലസ്ഥലത്തും വലയം ചെയ്തു നിൽക്കുന്ന പ്രകാശം നീ എനിക്കു കാണിച്ചു തന്നാലും. (തദ്കിറ:)

## തീയിൽനിന്നുള്ള രക്ഷയ്ക്ക്

رَبِّ اَخْرِجْنِي مِنَ النَّارِ - تذكره :ص٧٩٠

എന്റെ നാഥാ, എന്നെ തീയിൽനിന്ന് രക്ഷിച്ചാലും. (തദ്കിറ)

رَبِّ اِنِّي اَخْتَرْتُكَ عَلَى كُلِّ شَيءٍ - تذكره :ص٤٠٩

എന്റെ നാഥാ, ഞാൻ നിന്നെ എല്ലാകാര്യത്തിലും സ്വീകരിച്ചിരിക്കുന്നു. (തദ്കിറ:)

## ദൈവസാക്ഷികളുടെ കൂട്ടത്തിൽ ഉൾപ്പെടാൻ

رَبَّنَا اِنَّنَا سَمِعْنَا مُنَادِيًا يُّنَادِى لِلْاِيمَانِ. رَبَّنَا آمَنَّا فَاكْتُبْنَا مَعَ

الشَّاهِدِيْنَ . -تذكره :ص٣٤٦

ഞങ്ങളുടെ നാഥാ, സത്യവിശ്വാസത്തിലേക്ക് വിളിക്കുന്ന ഒരു വിളിയാളന്റെ വിളി ഞങ്ങൾ കേട്ടിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങൾ വിശ്വസിച്ചു. ഞങ്ങളെ നീ സാക്ഷികളുടെ കൂട്ടത്തിൽ എഴുതിയാലും. (തദ്കിറ:)

رَبَّنَا اِنَّنَا سَمِعْنَا مُنَادِيًا يُّنَادِى لِلْاِيْمَانِ. وَدَاعِيًا اِلَى اللهِ وَسِرَاجًا

مُّنِيْرًا -تذكره :ص٥٣

ഞങ്ങളുടെ നാഥാ, സത്യവിശ്വാസത്തിലേക്ക് വിളിക്കുന്ന ഒരു വിളിയാളന്റെ ശബ്ദം ഞങ്ങൾ കേട്ടിരിക്കുന്നു. അദ്ദേഹം അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവനും പ്രകാശിക്കുന്ന ദീപവുമാണ്. (തദ്കിറ:)

## സന്താനലബ്ധിക്കുവേണ്ടി

رَبِّ هَبْ لِيْ ذُرِّيَّةً طَيِّبَةً . - تذكره: ص٧٢٨

എന്റെ നാഥാ, എനിക്ക് പരിശുദ്ധ സന്താനങ്ങളെ നൽകേണമേ. (തദ്കിറ:)

رَبِّ لاَ تَذَرْنِي فَرْدًا وَاَنْتَ خَيْرُالْوَارِثِيْنَ .- تذكره : ص ٤٧

എന്റെ നാഥാ, എന്നെ ഏകനായി വിടരുതേ. നീ ഉത്തമനായ അനന്തരാവകാശിയെ സൃഷ്ടിക്കുന്നവനാണ്. (തദ്കിറ)

## സാഹോദര്യബന്ധം നിലനില്ക്കാൻ

اَصْلِحْ بَيْنِي وَبَيْنَ اِخْوَتِي . -تذكره: ص٧١٣

എന്റേയും എന്റെ സഹോദരന്റേയുമിടയിൽ രഞ്ജിപ്പുണ്ടാക്കേണമേ. (തദ്കിര:)

# ADDU'A
# - Prayers for the daily pursuits of life

When one turns to the teachings of the Holy Quran, the Sunnah of the Holy Prophet (SAW) and the exhortations of the Promised Messiah (A), one is being led to the all sustaining citadel of Prayers. Not only is prayer institutionalized in the five-phased formulary but is made part and parcel of human thought, word and action in Islam.

This booklet is a humble effort to codify some of those jewels of spiritual yearning that glitter in the verses of the Holy Book, in the sayings of the Holy Prophet (SAW) and the writings of the Promised Messiah (A).

May this offering find acceptance in the good pleasure of the Almighty whose guidance is the only height of hope that humanity could pray for on these days of human strife.